കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മാടായി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് – 2016-17

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ - doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൻ.ആർ/സി.2/1652/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ - doknr.ksad@kerala.gov.in
ഫോൺ - 04972-707698
തീയ്യതി – 05.10.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

മാടായി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മാടായി ഗ്രാമ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം മാടായി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്
1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം ( e-mail )
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല ( ഉപരിപത്രം സഹിതം )
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-കെ.എൻ.ആർ/സി.2/1652/2017 തീയ്യതി : 05-10-2017

## കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ

## വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

### ആമുഖം

മാടായി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 19.11.16 മുതൽ 31.07.2017 വരെയുള്ള പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൌണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്/ഉദ്യോഗപ്പേര് | ശ്രീ അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.08.17 മുതൽ 09.08.17 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമനമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | സിന്ധു ടി പി | ഓഡിറ്റ് ഓഫീസർ |
| 2 | സുധീഷ് എം പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ധന്യ എം വി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ആബിദ.എസ്. കെ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ അബ്ദുൾ ഫത്താഹ്.ബി | 01.04.2016 മുതൽ 31.03.17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമ നമ്പർ | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ വിനോദ്കുമാർ ടി | 01.04.16മുതൽ 31.03.17 വരെ |
| 2 | വെറ്റിനറി സർജൻ | ഡോ ശ്രീലേഖ കെ പി | 01.04.16 മുതൽ 31.03.17 വരെ |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 26.01.17 വരെ സെക്രട്ടറിയാണ് നിർവ്വഹണം നടത്തിയത് (ശ്രീ. അബ്ദുൾ ഫത്താഹ്. ബി) | 01.04.16 മുതൽ 26.01.17 വരെ |
| | | ശ്രീമതി വഹീദ കെ | 27.01.17 മുതൽ 31.03.17 വരെ |
| 4 | ഹെഡ് മാസ്റ്റർ, ജി യു പി എസ്, വെങ്ങര | ശ്രീ കുമാരൻ | 01.04.16 മുതൽ 31.03.17 വരെ |
| 5 | മെഡിക്കൽ ഓഫീസർ (പിഎച്ച് സി) | ഡോ സി. പ്രസൂൻ | 01.04.16 മുതൽ 12.07.16വരെയും 16.03.17മുതൽ 31.03.17വരെയും |
| | | ഡോ. പി കെ സമീർ | 13.07.16 മുതൽ 15.03.17വരെ |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ രശ്മി എൻ ഇ | 01.04.16 മുതൽ 31.03.17വരെ |
| 7 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ ശ്രീകുമാർ സി കെ | 01.04.16 മുതൽ 31.03.17 വരെ |
| 8 | ഐ സി ഡി എസ് | ശ്രീമതി ഉഷ എം വി | 01.04.2016മുതൽ |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | 31.03.2017 വരെ |
| 9 | വി.ഇ.ഒ, പുതിയങ്ങാടി | ശ്രീമതി ദീപ | 01.04.16മുതൽ 13.11.16 വരെ |
| | | ശ്രീ ശ്രീജിത്ത്. ഒ. വി | 14.11.16 മുതൽ 31.03.17 വരെ |
| 10 | വി ഇ ഒ, മാടായി | ശ്രീമതി ഷീന കെ എം | 01.04.16 മുതൽ 31.03.17 വരെ |
| 11 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ കെ വി രാജേന്ദ്രൻ | 01.04.16 മുതൽ 31.03.17 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം 1 പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക ലഭിച്ചതിന്റെ വിവരങ്ങൾ |
| 3 | 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |

| | | |
|---|---|---|
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ |
| 11 | 1-11 | ഗ്രാമസഭ |
| 12 | 1-12 | അനുബന്ധപത്രികകൾ |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | 2-1 | തൊഴിൽ നികുതി പിരിവ് - അപാകങ്ങൾ |
| 14 | 2-2 | ഡി &ഒ ലൈസൻസ് ഫീസ് പിരിവ് - അപാകങ്ങൾ |
| 15 | 2-3 | ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല |
| 16 | 2-4 | റോഡ് കട്ടിംഗ് ചാർജ്ജ്- യൂസർഫീസ് ഈടാക്കാത്തതും മറ്റ് അപാകങ്ങളും |
| 17 | 2-5 | ചൂട്ടാട് ബീച്ച് ടൂറിസം പദ്ധതി- ഗ്രാമപഞ്ചായത്ത് തീരുമാനം നടപ്പാക്കിയില്ല |
| 18 | 2-6 | ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനങ്ങൾ നടപ്പാക്കാത്തത്- ക്രമപ്രകാരമല്ല |

| | | |
|---|---|---|
| | | |
| ഭാഗം 3 ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 19 | 3-1 | സസ്പെൻഷൻ കാലയളവ് ആർജ്ജിതാവധിക്ക് പരിഗണിച്ചു - ഉത്തരവിൽ വ്യക്തതയില്ല |
| 20 | 3-2 | സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്താക്കൾ തിരിച്ചടച്ച തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ചില്ല |
| 21 | 3-3 | ഗാർഹിക കക്കൂസ് നിർമ്മാണം- കേന്ദ്രവിഹിതം തിരികെ ലഭിച്ചത്- പദ്ധതി തയ്യാറാക്കുകയോ അതാത് ഫണ്ടിലേക്ക് തിരിച്ചടക്കുകയോ ചെയ്തിട്ടില്ല |
| 22 | 3-4 | പൊതുമരാമത്ത് പ്രവൃത്തികൾക്കു വേണ്ടി ബിറ്റുമിൻ ,ബിറ്റുമിൻ ഇമൽഷൻ വാങ്ങൽ- അധികം നല്കിയ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 23 | 3-5 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത പദ്ധതികൾ |
| 24 | 3-6 | ഫിഷറീസ് സബ്ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ പദ്ധതികൾ- ബിൽ ഹാജരാക്കാത്തതും മറ്റ് അപാകങ്ങളും |
| 25 | 3-7 | ഹോമിയോ ഡിസ്പെൻസറി - മരുന്നുകൾ ലഭ്യമാവാത്തത് |
| 26 | 3-8 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നല്കൽ- അനർഹർക്ക് ആനുകൂല്യം നല്കിയത്-123200രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു |

| | | |
|---|---|---|
| | | |
| 27 | 3-9 | സാംസ്കാരിക നിലയങ്ങൾക്ക് സൌണ്ട് സിസ്റ്റം വാങ്ങൽ-ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾക്ക് നല്കി-138900രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു |
| 28 | 3-10 | പദ്ധതി തയ്യാറാക്കാതെ ചെലവു ചെയ്തു- 100000രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു |
| 29 | 3-11 | തെങ്ങുകൾക്ക് ജൈവ വളം വിതരണം, രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നടൽ - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല |
| 30 | 3-12 | മുട്ടം ബ്ലാക്ക് നൈറ്റ് ക്ലബ് പുന്നക്കൻ അബൂബക്കർ വീട് ഡ്രൈയ്നേജ്- മൺപണി- ഇനം തെരഞ്ഞെടുത്തതിൽ വ്യത്യാസം വന്നത്-15505രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു |
| 31 | 3-13 | കാലിക്കൽ റോഡ് സുൽത്താൻ കനാൽ റോഡ് നിർമ്മാണം-അപാകങ്ങൾ- 113165 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു |
| 32 | 3-14 | ക്യാഷ് ബുക്ക് സൂക്ഷിപ്പ് |
| 33 | 3-15 | ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത്- തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് |

| | | |
|---|---|---|
| | | |
| 34 | 3-16 | പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ വാങ്ങിയത് - നാളിതുവരെ ഉപയോഗം ആരംഭിച്ചിട്ടില്ല |
| ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 35 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 36 | 4-2 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കിയ ഫണ്ട് വിനിയോഗം |
| 37 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം |
| 38 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 39 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 40 | 4-6 | ഓഡിറ്റ് റിക്കവറി |
| 41 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദവിവരം |
| 42 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 43 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ |
| 44 | അനുബന്ധം1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 45 | അനുബന്ധം2 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് |

| | | |
|---|---|---|
| 46 | അനുബന്ധം3 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 47 | അനുബന്ധം4 | ബാലൻസ് ഷീറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 02.03.16 തിയതിയിലെ 29/16 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ്പ്രകാരമുള്ള വരവു ചെലവുകൾ താഴെ കൊടുക്കുന്നു.ബജറ്റ് പുതുക്കിയതായി 16.03.17 ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും(17/17 തീരുമാനം) ആയത് ഭരണ സമിതി മിനുട്സിൽ ഉൾപ്പെടുത്തിയിട്ടില്ല.

| | ബജറ്റ് പ്രകാരമുള്ളത് | പുതുക്കിയ ബജറ്റ് പ്രകാരമുള്ളത്(ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി) |
|---|---|---|
| മുന്നിരിപ്പ് | 8446081 | 8446081 |
| വരവ് | 104297000 | 104297000 |
| ആകെ | 112743081 | 112743081 |
| ചെലവ് | 106020115 | 106691103 |
| നീക്കിയിരിപ്പ് | 6722966 | 6051978 |

ബജറ്റ് ഫങ്ഷൻ ഫങ്ഷണറി അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടുള്ളത്.

## 1-2 വാർഷിക ധനകാര്യപത്രിക ലഭിച്ചതിന്റെ വിവരങ്ങൾ

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.17 | 28.06.17 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് | സർട്ടിഫിക്കറ്റ് | തരം |
|---|---|---|---|

| | കണക്കുകൾ പരിശോധിച്ച തീയതി | നമ്പർ/തീയതി | |
|---|---|---|---|
| 2016-17 | 02.08.17 | കെഎസ്എ കെഎൻആർ സി.2/1652/2017 തീ. 05.10.2017 | വിശേഷണങ്ങളോടു കൂടിയത് |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

(a)വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1. ആസ്തിയുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ല.

2.സംയോജിത പദ്ധതികൾക്കായി ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് മുൻ വർഷങ്ങളിൽ ലഭിച്ച തുകയിൽ ബാക്കിവന്ന തുക അതാത് സാമ്പത്തിക വർഷാവസാനം തിരിച്ചടക്കാതെ നീക്കിയിരിപ്പായി കാണിച്ചത് ശരിയല്ല.

| | | |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | റവന്യൂ | 2164500 |
| | ക്യാപ്പിറ്റൽ | 8061 |
| | സ്പെസിഫിക്ക് പർപ്പസ് | 140000 |
| ജില്ലാപഞ്ചായത്ത് | റവന്യൂ | 1067839 |
| | ക്യാപ്പിറ്റൽ | 197923 |

തുക ഏതൊക്കെ ആവശ്യങ്ങൾക്ക് ഏതൊക്കെ വർഷങ്ങളിൽ ലഭ്യമായതാണെന്നും വിനിയോഗിക്കാ തിരിക്കാൻ കാരണം എന്തെന്നും വ്യക്തമാക്കപ്പെട്ടിട്ടില്ല. നിലവിൽ പ്രസ്തുത തുക മാടായി സർവ്വീസ് കോപ്പറേറ്റീവ് റൂറൽ ബാങ്കിലെ തനത് ഫണ്ട് അക്കൌണ്ടിലാണ് (അക്കൗണ്ട് നമ്പർ 1325) സൂക്ഷിച്ചിട്ടുള്ളത്.

മറ്റു തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി ലഭ്യമായ തുക പലിശ സഹിതം തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

3. ദുരിതാശ്വാസ നിധി ഇനത്തിൽ ബി 2ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് 19881രൂപയും ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 8881രൂപയുമാണ്(ആർപി 40(b)). വ്യത്യാസം ശരിയാക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്.

4.ബി 9 ഷെഡ്യൂളിൽ ഒടുക്കുവാൻ ബാക്കിയുള്ളതായി ചേർത്ത മൂല്യവർധിത നികുതി(117975രൂ), നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം (18066രൂ), ലൈബ്രറി സെസ്സ്(558660രൂ) തുടങ്ങിയവ നാളിതുവരെ ഒടുക്കിയിട്ടില്ല. സമയപരിധിക്കകം മറ്റു സ്ഥാപനങ്ങളിലേക്ക് ഒടുക്കുവാൻ ബാക്കിയുള്ള തുക ഒടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

5.ബി 9 ഷെഡ്യൂളിൽ അദർ ലയബിലിറ്റീസ് ആയി ചേർത്ത 8200 രൂപ സാമൂഹ്യ സുരക്ഷാ

പെൻഷൻ തിരിച്ച വന്ന ഇനത്തിലുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ശരിയല്ല.

6. കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നും സാന്ത്വന പരിചരണത്തിനായി ലഭിച്ച 100000രൂപ പ്രസ്തുത ഹെഡിൽ ഉൾപ്പെടുത്താതെ തനത് ഫണ്ട് അക്കൌണ്ടിൽ നിക്ഷേപിച്ച് പദ്ധതി തയ്യാറാക്കാതെ ചെലവഴിച്ചത് ശരിയല്ല. (ചെക്ക് നമ്പർ 86117/27.09.16 മെഡിക്കൽ ഓഫീസർ, പിഎച്ച് സി ക്ക് നല്കിയത്) പ്രസ്തുത തുക ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചതായി കാണിക്കാതെയാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.

7.ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശയായി RP 9 ൽ ചേർത്ത തുക (14259രൂപ) യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. മാടായി കോപ്പറേറ്റീവ് റൂറൽ ബാങ്കിൽ മാത്രം 583738രൂപ പലിശയിനത്തിൽ വരവു വന്നിട്ടുണ്ട്. മാടായി കോപ്പറേറ്റീവ് റൂറൽ ബാങ്ക് അക്കൌണ്ട് നമ്പർ 1325ലെ വർഷാവസാന നീക്കിയിരിപ്പ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുത്താത്തതും അപാകമാണ്.

8.റിക്കവറി ഓഫ് അൺയൂട്ടിലൈസ്ഡ് ഗ്രാന്റ് എന്നയിനത്തിൽ വി ഇ ഒ തിരിച്ചടച്ച തുക അതാത് ഹെഡിലേക്ക് തിരിച്ചടക്കാതെ മാടായി കോപ്പറേറ്റീവ് റൂറൽ ബാങ്കിൽ നിക്ഷേപിച്ചത് ശരിയല്ല. തുക മറ്റ് ഭവനനിർമ്മാണ പദ്ധതികൾക്കായി ഉപയോഗിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. നിലവിൽ തനത് ഫണ്ട് നീക്കിയിരിപ്പായാണ് പ്രസ്തുത തുക വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടുള്ളത്.

9. ആർ പി 31 പ്രകാരം ഐസിഡിഎസ് കേന്ദ്രവിഹിതമായ 702158രൂ, കേന്ദ്രവിഹിതമായി ലഭിച്ച 235070രൂപ ഇവ ഏതൊക്കെ ആവശ്യങ്ങൾക്കാണ് ലഭ്യമായതെന്ന് വ്യക്തമല്ല

10. വാർഷിക സ്റ്റോക്ക് പരിശോധനാ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. മൂവബിൾ അസറ്റ് സംബന്ധിച്ച വാർഷിക പരിശോധനാ റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

11.ബജറ്റ് തയ്യാറാക്കിയത് ഫങ്ഷൻ ഫങ്ഷനറി അടിസ്ഥാനത്തിലല്ല

12.നോൺബാങ്കിംഗ് ട്രഷറി ഇടപാടുകൾ നടത്തുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥർ സിൻഡിക്കേറ്റ് ബാങ്കിൽ ആരംഭിച്ച അക്കൌണ്ടുകൾ ട്രഷറി ബാങ്കിംഗ് ആക്കിയപ്പോൾ അവസാനിപ്പിക്കുകയോ നീക്കിയിരിപ്പുള്ള തുക സഞ്ചിതനിധിയിലേക്ക് തിരിച്ചടക്കുകയോ ചെയ്തിട്ടില്ല.അക്കൗണ്ടുകൾ അവസാനിപ്പിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെയും അക്കൌണ്ടിൽ നീക്കിയിരിപ്പുള്ള തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാങ്ക് നീക്കിയിരിപ്പ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുന്നില്ല.

13.വസ്തുനികുതി - സാംഖ്യ,സഞ്ചയ കണക്കുകൾ പൊരുത്തപ്പെടുന്നില്ല. വസ്തുനികുതി പരിഷ്കരണം പൂർത്തിയാകുന്ന മുറക്ക് ശരിയാക്കുന്നതാണെന്ന് അറിയിച്ചു

14. ഗാർഹികേതര കെട്ടിടങ്ങളുടെ വസ്തുനികുതി ഇനത്തിൽ RP 43 പ്രകാരം വരവ് 1344രൂപ തൻവർഷവും 1368 രൂപ കുടിശികയുമാണ്. യഥാർത്ഥ തുക ധനകാര്യ പത്രികയിൽ കാണിച്ചിട്ടില്ല. വസ്തുനികുതി ഒരേ ഹെഡിൽ തന്നെയാണ് ചേർത്തുവരുന്നതെന്നാണ് മറുപടി നല്കിയത്. അങ്ങനെയെങ്കിൽ ഗാർഹികേതര കെട്ടിടങ്ങളുടെ നികുതിയിനത്തിൽ വരവൊന്നും

വരാൻ പാടില്ലാത്തതായിരുന്നു. ഹെഡ് മാറി പോസ്റ്റ് ചെയ്യുന്നത് ശരിയല്ല.

15 എസ് ബി ഐ തളിപ്പറമ്പ ബ്രാഞ്ചിലെ കറണ്ട് അക്കൗണ്ടിലെ ഇടപാടുകൾ ഏത് രീതിയിലാണ് നടത്തുന്നതെന്ന് വ്യക്തമല്ല. ബാങ്ക് ബാലൻസും ധനകാര്യ പത്രികയിൽ ചേർത്ത ബാലൻസും പൊരുത്തപ്പെടുന്നില്ല. സൈ്വപ്പിംഗ് മെഷീൻ വഴി തുക ഒടുക്കുന്നതിനാണ് പ്രസ്തുത അക്കൗണ്ട് ആരംഭിച്ചത്. നാളിതുവരെ പ്രസ്തുത അക്കൗണ്ടിൽ നിന്ന് ചെലവുകളൊന്നും നടന്നിട്ടില്ല. തുക സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റിയിടാത്തതിനാൽ പലിശയിനത്തിലും നഷ്ടം വരുന്നുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13773612.61 |
| വരവ് | 47548045 |
| ആകെ | 61321657.61 |
| ചെലവ് | 43351375 |
| നീക്കിയിരിപ്പ് | 17970282.61 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | അലോട്ട്മെന്റ് | ആകെ | ചെലവ് | ലാപ്സായ തുക | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13040202 | 13040202 | 12960674 | 79528 | 0 | 99.39 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5199075 | 5199075 | 4570127 | 628948 | 0 | 87.90 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 29136 | 29136 | 29136 | -- | 0 | തിരിച്ചടച്ച തുക |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 3807903 | 3807903 | 645616 | 3162287 | 0 | 16.95 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 3603084 | 3603084 | 2997929 | 605155 | 0 | 83.2 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7314129 | 7314129 | 2142501 | 5171628 | 0 | 29.29 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3372651 | 3372651 | 7651 | 3365000 | 0 | 0.22 |
| എം.എൻ. ആർ.ഇ. ജി.എസ്. | 486 | 6914743 (വരവ്) | 6915229 | 6914229 | -- | 1000 | 99.98 |
| ബി ഫണ്ട് | 0 | 43831565 വരവ് | 43831565 | 43831565 | -- | -- | 100 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2312561 | 0 വരവ് | 2312561 | -- | -- | 2312561 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1265762 | 190000 വരവ് | 1455762 | 190000 | -- | 1265762 | 13.05 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | (എണ്ണം) | | | ശതമാനം |
| 169 | 62151670 | 124 | 30699861 | 67 | 57 | 45 | 33.72 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 4 | 4 | 3945520 | 3945520 | 100 |
| 2 | വെറ്റിനറി സർജൻ | 5 | 5 | 1817034 | 1564768 | 86 |
| 3 | മെഡിക്കൽ ഓഫീസർ, പിഎച്ച്സി | 4 | 3 | 1220000 | 990700 | 81.2 |
| 4 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 300000 | 300000 | 100 |
| 5 | വി ഇ ഒ ,മാടായി | 10 | 6 | 12455275 | 2648400 | 21.26 |
| 6 | വി ഇ ഒ, പുതിയങ്ങാടി | 3 | 2 | 340000 | 265000 | 77.94 |
| 7 | ഹെഡ് മാസ്റ്റർ | 3 | 3 | 248540 | 173960 | 69.99 |
| 8 | ഐസിഡിഎസ് സൂപ്പർവൈസർ | 6 | 6 | 6394900 | 5916436 | 92.52 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 70 | 41 | 23240000 | 5108118 | 21.98 |

| | | | | | | |
|---|---|---|---|---|---|---|
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 11 | 11 | 3827136 | 3653794 | 95.47 |
| 11 | സെക്രട്ടറി | 48 | 38 | 7893265 | 5822165 | 73.76 |
| 12 | സബ്ഇൻസ്പെക്ടർ, ഫിഷറീസ് | 4 | 4 | 470000 | 311000 | 66.17 |
| | ആകെ | 169 | 124 | 62151670 | 30699861 | 49.40% |

വി ഇ ഒ, അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫണ്ട് വിനിയോഗം വളരെ പരിമിതമാണ്. കൃഷി ഓഫീസർ മുഴവൻ പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. പദ്ധതികൾ അതാത് വർക്കിംഗ് ഗ്രൂപ്പുകൾ വിശകലനം ചെയ്യാത്തത് അപാകമാണ്. മോണിറ്ററിംഗ് ഫലപ്രദമാക്കേണ്ടതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 5.61 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4986575 | 5617002 | 630427 | 12.64 |
| നികുതിയേതര വരവുകൾ | 1383097 | 1109773 | -273324 | -19.76 |
| ആകെ | 6369672 | 6726775 | 357103 | 5.61 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 135120 | 71 |
| കർഷകതൊഴിലാളി പെൻഷൻ | 540840 | 54 |
| വിധവാപെൻഷൻ | 13538340 | 1180 |
| വാർദ്ധക്യകാലപെൻഷൻ | 24930455 | 2371 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 3366490 | 344 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 780320 | 74 |
| വിവാഹ ധനസഹായം | 540000 | 18 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.08.17 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8105/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.07.17 | 01.06.17 മുതൽ 30.06.17 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | 31.03.2008 വരെയുള്ള വാർഷിക റിപ്പോർട്ടിൽ ഉൾപ്പെട്ടത്. പ്രത്യേക ഓഡിറ്റ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 08.06.12 |

## 1-11 ഗ്രാമസഭ

മാടായി ഗ്രാമപഞ്ചായത്തിൽ ഇരുപത് വാർഡുകളാണുള്ളത്. മുഴുവൻ വാർഡുകളിലും 7/16,10/16 മാസങ്ങളിലായി രണ്ടു തവണ വീതം ഗ്രാമസഭകൾ സമ്മേളിച്ചിട്ടുണ്ട്. വോട്ടർ പട്ടിക

പുതുക്കലുമായി ബന്ധപ്പെട്ട് മൂന്നാമത്തെ ഗ്രാമസഭ ചില വാർഡുകളിൽ ചേർന്നിട്ടുണ്ട്. എന്നാൽ ആയതിൽ തന്നെ കൂടുതലും ക്വാറം തികയാത്തവയാണ്.

7/16,10/16 മാസങ്ങളിൽ നടന്ന ഗ്രാമസഭകളിൽ ക്വാറം തികയുന്നതിനാവശ്യമായ ജനപങ്കാളിത്തം ഉണ്ടായിട്ടുണ്ടെങ്കിലും ശുഷ്കമായിരുന്നു. ക്വാറം തികയുന്നതിനാവശ്യമായ അംഗങ്ങൾ മാത്രമാണ് മിക്കവയിലും ഉണ്ടായിരുന്നത്. ഹാജർ രേഖപ്പെടുത്തുമ്പോൾ പ്രായം, വിദ്യാഭ്യാസ യോഗ്യത, തൊഴിൽ തുടങ്ങിയവയും രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമസഭകളുടെ ഉത്തരവാദിത്തങ്ങളും അവകാശങ്ങളും ചുമതലകളും സംബന്ധിച്ച കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 ലെ നിർദ്ദേശങ്ങൾ പലപ്പോഴും ശ്രദ്ധിക്കപ്പെടുന്നില്ല . ഗ്രാമസഭകൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള വേദി മാത്രമായി ചുരുങ്ങിപ്പോകുന്ന അവസ്ഥയാണ് കണ്ടുവരുന്നത്. ഗ്രാമപഞ്ചായത്തിന്റെ ഭരണ നിർവ്വഹണം സംബന്ധിച്ച റിപ്പോർട്ട് ഓരോ വർഷത്തേയും ആദ്യത്തെ ഗ്രാമസഭ മുമ്പാകെ വെക്കേണ്ടതാണെന്ന വകുപ്പ് 3(6) ലെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

വകുപ്പ് 3A(1) (j) യിൽ സർക്കാരിൽ നിന്ന് ലഭിക്കുന്ന പെൻഷൻ, സബ്സിഡി എന്നിവ പോലുള്ള വിവിധ തരം ക്ഷേമധനസഹായം ലഭിക്കുന്ന ആളുകളുടെ അർഹത പരിശോധിക്കുന്നതിനുള്ള ഉത്തരവാദിത്തം ഗ്രാമസഭകൾക്കുണ്ടെങ്കിലും ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഒരു ഗ്രാമസഭയിലും അവതരിപ്പിക്കപ്പെട്ടിട്ടില്ല.

ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെടാത്തതും അപാകമാണ്

നിയമം അനുശാസിക്കുന്ന എല്ലാ ഉത്തരവാദിത്തങ്ങളും ചുമതലകളും ഗ്രാമസഭകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിലേക്കായി ഈ വിഷയം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 അനുബന്ധപത്രികകൾ

1.ഓഡിറ്റ് സർട്ടിഫിക്കറ്റ്
2.റസീറ്റ് & പേമെന്റ് സ്റ്റേറ്റ് മെന്റ്
3.ഇൻകം& എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്
4.ബാലൻസ് ഷീറ്റ്

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി പിരിവ് - അപാകങ്ങൾ

(a) സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത്

1. മാടായി ഗ്രാമ പഞ്ചായത്ത് 2016-17 വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ടേൺ ഓവറിന്റെ അടിസ്ഥാനത്തിലുള്ള സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
| --- | --- | --- |

| | | |
|---|---|---|
| 1 | എം.ഇ.സി.എ ഇംഗ്ലീഷ് മീഡിയം, പഴയങ്ങാടി | I&II |
| 2 | ക്രസന്റ് കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ് | ,, |
| 3 | ഐ.ടി ഐ വാദിഹുദ,മാടായി | ,, |
| 4 | വാദിഹുദ ഹൈസ്കൂൾ,മാടായി | ,, |
| 5 | സ്മയിൽ കെയർ ദന്താശുപത്രി, മുട്ടം | ,, |
| 6 | ഹോമിയോ ക്ലിനിക്ക്, പഴയങ്ങാടി | ,, |
| 7 | ഡബ്ല്യു.ഡബ്ല്യു.എ. വാദിഹുദ | ,, |
| 8 | വി.എച്ച്.എസ്.എസ്. വാദിഹുദ | ,, |
| 9 | ഫിനാൻസ് വാദിഹുദ | ,, |
| 10 | അഡ്മിൻ വാദിഹുദ | ,, |

വിദ്യാഭ്യാസ സ്ഥാപനങ്ങളായതുകൊണ്ടാണ് ഈടാക്കാതിരുന്നതെന്ന് മറുപടി നല്കിയിട്ടുണ്ട്. ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നവയായതിനാൽ നൽകിയ മറുപടി സ്വീകാര്യമല്ല. ടേൺ ഓവർ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ടെങ്കിൽ ആയത് ഈടാക്കേണ്ടതാണ്

2. റേഷൻ കട, കള്ള് ഷാപ്പ് എന്നിവയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | ലൈസൻസിയുടെ പേര് | ലൈസൻസ് നമ്പർ എ. ആർ.ഡി നമ്പർ | വാർഡ് നമ്പർ |
|---|---|---|---|
| 1 | മേലോത്ത് വളപ്പിൽ വിനോദ്, വെങ്ങര കള്ള് ഷാപ്പ് | ലഭ്യമാക്കിയിട്ടില്ല | 3 |
| 2 | മേലോത്ത് വളപ്പിൽ വിനോദ്, | ,, | 8 |

| | | | |
|---|---|---|---|
| | മാടായി കള്ള് ഷാപ്പ് | | |
| 3 | എം തങ്കമണി, റേഷൻഷോപ്പ് | 208 | 10 |
| 4 | കെ വി രാമചന്ദ്രൻ, ,, | 209 | 16 |
| 5 | ഇ ടി രാഘവൻ, ,, | 210 | 15 |
| 6 | കെ വി രാമചന്ദ്രൻ, ,, | 211 | 16 |
| 7 | എ അശോകൻ, ,, | 212 | 18 |
| 8 | പി ഭാസ്കരൻ, ,, | 213 | 20 |
| 9 | എം വി രാമചന്ദ്രൻ, ,, | 214 | 2 |
| 10 | എം അശോകൻ, ,, | 215 | 4 |
| 11 | വി വി രാഘവൻ, ,, | 217 | 7 |
| 12 | സുഭാഷിണി, ,, | 246 | 8 |

3. 24-09-16 ലെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം 36/16(2) പ്രകാരം കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന കളക്ഷൻ ഏജന്റുമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കണം എന്ന് ശുപാർശ ചെയ്തിട്ടുണ്ട്. ആയത് ഈടാക്കിയിട്ടില്ല. കലക്ഷൻ ഏജന്റുമാരിൽ നിന്നും വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-2 ഡി &ഒ ലൈസൻസ് ഫീസ് പിരിവ് - അപാകങ്ങൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ പ്രകാരം 2016-17സാമ്പത്തിക വർഷം ഡി & ഒ ലൈസൻസ് അനുവദിക്കുമ്പോഴും പുതുക്കുമ്പോഴും താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1 അപേക്ഷകളിലെ അന്വേഷണ റിപ്പോർട്ടുകൾ(422എണ്ണം) ഒന്നും തന്നെ സെക്രട്ടറി ആധികാരികമാക്കിയിട്ടില്ല.

2. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾ, കള്ള് ഷാപ്പ് ഇവ ഓഡിറ്റ് വർഷം ഡി & ഒ ലൈസൻസ് എടുത്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ താഴെ പറയും പ്രകാരം 10 റേഷൻ കടകളും 2 കള്ളു ഷാപ്പുകളും പ്രവർത്തിക്കുന്നുണ്ട് . റേഷൻ മൊത്തവ്യപാരികളും ചില്ലറ വ്യാപാരികളും അബ്കാരി ഷാപ്പുകളും ഡി & ഒ ലൈസൻസ് പരിധിയിൽ വരുന്നുണ്ട് എന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു.

| ക്രമനമ്പർ | ലൈസൻസിയുടെ പേര് | ലൈസൻസ് നമ്പർ<br>എ ആർ ഡി നമ്പർ | വാർഡ് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | മേലോത്ത് വളപ്പിൽ വിനോദ്, വെങ്ങര കള്ള് ഷാപ്പ് | ലഭ്യമാക്കിയിട്ടില്ല | 3 |
| 2 | മേലോത്ത് വളപ്പിൽ വിനോദ്, മാടായി കള്ള് ഷാപ്പ് | ,, | 8 |
| 3 | എം തങ്കമണി, റേഷൻഷോപ്പ് | 208 | 10 |
| 4 | കെ വി രാമചന്ദ്രൻ, ,, | 209 | 16 |
| 5 | ഇ ടി രാഘവൻ, ,, | 210 | 15 |
| 6 | കെ വി രാമചന്ദ്രൻ, ,, | 211 | 16 |
| 7 | എ അശോകൻ, ,, | 212 | 18 |
| 8 | പി ഭാസ്കരൻ, ,, | 213 | 20 |
| 9 | എം വി രാമചന്ദ്രൻ, ,, | 214 | 2 |
| 10 | എം അശോകൻ, ,, | 215 | 4 |
| 11 | വി വി രാഘവൻ, ,, | 217 | 7 |
| 12 | സുഭാഷിണി, ,, | 246 | 8 |

3. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അക്ഷയകേന്ദ്രങ്ങളിൽ നിന്ന് ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

4. ലൈസൻസ് പുതുക്കുന്നതിൽ കാലതാമസം

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാര ങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസം മുൻപായി പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ 2016-17 വർഷത്തിൽ, പഞ്ചായത്തിലെ ഭൂരിഭാഗം സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ യഥാസമയം നൽകിയിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ:-

| അപേക്ഷ ക്രമ നം. | അപേക്ഷകന്റെ പേര് | ലൈസൻസ് ആവശ്യം | അപേക്ഷ ലഭിച്ച തീയ്യതി | ലൈസൻസ് ഫീ, രശീതി നം., തീയ്യതി |
|---|---|---|---|---|
| 355 | കെ.നാരായണൻ | അനാദി | 08-12-16 | 100/11602106652<br>16-01-17 |
| 357 | സുജിത്ത് കുടെച്ചിരെ | സ്റ്റേഷനറി | 28-07-16 | 100/11602106721<br>18-01-17 |
| 358 | അബ്ദുൾ റൌഫ് | ബേക്കറി | 22-11-16 | 50/11602106773<br>21-01-17 |
| 375 | നാരായണൻ ടി.വി | ചായക്കച്ചവടം | 20-09-16 | 50/11602107177<br>07-02-17 |
| 378 | കോട്ടക്കീൽ രാജീവൻ | ഫ്ലവർ മിൽ | 30-12-16 | 100/11602107241<br>30-12-16 |

ഇത് മേൽ ചട്ടങ്ങളിലെ ചട്ടം 5,10 എന്നിവയുടെ ലംഘനമാണ്. ഇപ്രകാരം ഡി&ഒ ലൈസൻസ് എടുക്കാതെ വർഷം മുഴുവനും പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 255 പ്രകാരമുള്ള നടപടി (1996 ലെ കേരള പഞ്ചായത്ത് രാജ് ഡി&ഒ ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 2 കൂടി കാണുക) സ്വീകരിക്കേണ്ടതാണ്. മുഴുവൻ സ്ഥാപനങ്ങളും യഥാസമയം ലൈസൻസ് എടുക്കുന്നുണ്ട്/പുതുക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ലൈസൻസില്ലാതെയും ചട്ടങ്ങൾ അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടത് ഗ്രാമപഞ്ചായത്തിന്റെ പ്രധാന ചുമതലകളിലൊന്നാണ്. ആയതിൽ വീഴ്ച്ച വരുത്തിയത് ഓഡിറ്റിൽ ഗൌരവമായി കാണുന്നു. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ലൈസൻസെടുക്കാതെ പ്രവർത്തിച്ചതിന് സ്ഥാപനങ്ങളിൽ നിന്ന് ചട്ടലംഘനത്തിനുള്ള പിഴയും ഈടാക്കേണ്ടതാണ്.

## 2-3 ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളുടേയും കച്ചവടക്കാരുടേയും വിവരങ്ങൾ രേഖപ്പെടുത്തുന്ന ട്രേഡേഴ് ലിസ്റ്റ് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഇത്തരത്തിൽ ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതും പുതുതായി വരുന്നവരുടേയും ഒഴിവാകുന്നവരുടേയും വിവരങ്ങൾ ചേർത്ത് കാലികമാക്കേണ്ടതുമാണ്. തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് ഫീസ്, സ്വകാര്യ ആശുപത്രി രജിസ്ട്രേഷൻ, പാരാമെഡിക്കൽ രജിസ്ട്രേഷൻ, ട്യൂട്ടോറിയൽ രജിസ്ട്രേഷൻ തുടങ്ങി ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്തങ്ങളിൽ പെടുന്ന മേഖലകളിലെല്ലാം ഓരോ വർഷവും കൃത്യമായ പുതുക്കലുകളും അടവും വരുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ ഇത്തരമൊരു രജിസ്റ്റർ അനിവാര്യമാണ്.

## 2-4 റോഡ് കട്ടിംഗ് ചാർജ്ജ്- യൂസർഫീസ് ഈടാക്കാത്തതും ഒ.എഫ്.സി കേബിളിടുന്നതിന് അനുമതി നൽകുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്തതും

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റോഡുകൾ മുറിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും മൊബൈൽ കമ്പനികൾക്ക് കേബിൾ ഇടുന്നതിനും ഗ്രാമപഞ്ചായത്ത് അനുമതി നല്കി വരുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ സ്ഥലം ഉപയോഗിക്കുന്നതിനുള്ള യൂസർ ഫീസ് ഈടാക്കുന്നതിനുള്ള. നടപടികൾ സ്വീകരിച്ചിട്ടില്ല.

12/2016 മുതൽ അസിസ്റ്റന്റ് എഞ്ചിനീയർ 0.5m ആഴത്തിൽ റോഡിൽ കുഴിയെടുക്കുന്നതിനുള്ള അടങ്കൽ തയ്യാറാക്കുകയും ടാർ റോഡ് മുറിക്കുന്നതിന് 2500 രൂപ നിശ്ചയിച്ച് റോഡ് പുനർനിർമ്മാണച്ചെലവിനത്തിൽ (restoration charge)ആയത് അപേക്ഷകരിൽ നിന്ന് ഈടാക്കുകയുമാണ് ചെയ്തു വരുന്നത്. അപേക്ഷകരിൽ നിന്ന് ഡെപ്പോസിറ്റ് ഈടാക്കുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ സ്ഥലം സ്ഥിരമായി ഉപയോഗിക്കുന്നതിന് അപേക്ഷകരിൽ നിന്ന് യൂസർ ചാർജ്ജ് ഈടാക്കാത്തതും അപാകമാണ്.

കൂടാതെ റോഡ് കട്ടിംഗ് - റോഡ് റസ്റ്റോറേഷൻ ചാർജ്ജായി ബി എസ് എൻ എൽ 108676/- രൂപ ഒടുക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.12.16 ലെ തീരുമാനം നമ്പർ162/16 ൽ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ അടങ്കൽ തുകയായ 108676/-രൂപ ഒടുക്കുന്ന മുറയ്ക്ക് റോഡ് മുറിക്കുന്നതിന് അനുമതി നല്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ യൂസർഫീസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനം രേഖപ്പെടുത്തിയിട്ടില്ല. ഐ ടി വകുപ്പിൽ കിലോമീറ്ററിന് 75000 രൂപ നിരക്കിൽ ബി എസ് എൻ എൽ തുക ഒടുക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടില്ല. വിവരസാങ്കേതിക വകുപ്പിന് നല്കാനുള്ള തുക നല്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും യൂസർഫീസ് ഈടാക്കേണ്ടതുമാണ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും ചട്ടങ്ങൾ). കൂടാതെ മീറ്ററിന് 50/- രൂപ നിരക്കിൽ ബാങ്ക് ഗ്യാരണ്ടി ഈടാക്കി റോഡ് റിസ്റ്റോറേഷൻ യഥാവിധി നടത്തിയിട്ടുണ്ടെന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തിരിച്ചു നൽകേണ്ടതാണെന്ന വ്യവസ്ഥയുണ്ടെങ്കിലും ബാങ്ക് ഗ്യാരണ്ടി ഈടാക്കിയിട്ടില്ല. (വിവര സാങ്കേതിക വകുപ്പിന്റെ G.O(MS) 12/12 ITD Dated 07.08.2012, G.O(MS) 39/15/ITD dated 15.09.15, G.O(MS) 11/17/ITD dated 30.05.17 ഉത്തരവുകൾ കാണുക).

## 2-5 ചൂട്ടാട് ബീച്ച് ടൂറിസം പദ്ധതി- ഗ്രാമപഞ്ചായത്ത് തീരുമാനം

### നടപ്പാക്കിയില്ല

1. ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം നമ്പർ 112/16, 26.09.16 – ചൂട്ടാട് ബീച്ചിൽ പുതുതായി ആരംഭിച്ച ഡി ടി പി സിയുടെ ടൂറിസം പദ്ധതി ഗ്രാമപഞ്ചായത്തിൽ വിനോദ നികുതി അടക്കാതെയും പി പിആർ ലൈസൻസ് എടുക്കാതെയും വിനോദനികുതി നിയമങ്ങൾ പാലിക്കാതെയുമാണ് പ്രവർത്തിക്കുന്നതെന്നും CRZ നോട്ടിഫിക്കേഷൻ നിയമം ലംഘിച്ചും ടിക്കറ്റ് വച്ച് വിനോദ പ്രവർത്തനങ്ങളും സ്റ്റാളുകളും സ്വകാര്യ വ്യക്തികൾ നടത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടെന്നും വിനോദനികുതി നിയമങ്ങളും പിപിആർ ലൈസൻസ് നിയമങ്ങളും പാലിക്കുന്നതിന് ഡി ടി പി സിയോടും ലേലം കൊണ്ട വ്യക്തിയോടും വിശദീകരണം ആവശ്യപ്പെടുന്നതിനും പ്രസ്തുത വിവരം ഡിടിപിസി ചെയർമാനായ ജില്ലാ കലക്ടറുടെ ശ്രദ്ധയിൽ പെടുത്തുന്നതിനും ലേലക്കാരന് നോട്ടീസ് അയക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മറ്റ് പഞ്ചായത്തുകളിൽ ഇത്തരത്തിൽ വിനോദ നികുതി ഈടാക്കുന്നുണ്ടെങ്കിൽ ഒടുക്കാൻ ആവശ്യപ്പെടുന്നതാണെന്നാണ് കലക്ടർ അറിയിച്ചതെന്ന് സെക്രട്ടറി അറിയിക്കുകയുണ്ടായി

2. തീരുമാനം നമ്പർ 113/16, 26.09.16 – പാർക്കിംഗ് ഫീസ് അടക്കാതെ പാർക്കിംഗ് സെന്റർ നടത്തുന്നത് - പാർക്കിനോടടുത്തുള്ള സ്ഥലത്ത് സ്വകാര്യ വ്യക്തി പാർക്കിംഗ് ഫീസ് ഈടാക്കുന്നതായും കെ പി ആർ (ഇറക്കുസ്ഥലങ്ങൾ, മറ്റ് വാഹന സ്റ്റാന്റുകൾ) ചട്ടം ലംഘിച്ച് പഞ്ചായത്തിന്റെ അനുമതിയോ ലൈസൻസോ ഇല്ലാതെയാണ് സ്വകാര്യ വ്യക്തി പാർക്കിംഗ് ഫീസ് ഈടാക്കുന്നതെന്നും സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് വില്ലേജ് ഓഫീസുമായി ബന്ധപ്പെടുന്നതിനും പുറമ്പോക്ക് ഭൂമിയാണെങ്കിൽ പാർക്കിംഗ് ഫീസ് ഗ്രാമപഞ്ചായത്ത് നേരിട്ട് പിരിക്കുന്നതിനും തീരുമാനിച്ചിരുന്നു. തുടർ നടപടികൾ ഉണ്ടായിട്ടില്ല.

3.ബോട്ടിംഗ്, യന്ത്രത്തൊട്ടിൽ, മറ്റ് വിനോദ ഉപകരണങ്ങൾ ഇവ മതിയായ സുരക്ഷാ സംവിധാനങ്ങളില്ലാതെ നടത്തുന്നതായും രണ്ടു തവണ യന്ത്രത്തൊട്ടിൽ അപകടം സൃഷ്ടിച്ചതായും തീരുമാനം നമ്പർ 114/16 26.09.16 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

പദ്ധതി പ്രദേശത്ത് നിരവധി സ്റ്റാളുകളും മറ്റ് വിനോദോപാധികളും പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയൊന്നിനും ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ല. ഇത് സംബന്ധിച്ച് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-6 ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനങ്ങൾ നടപ്പാക്കാത്തത്- ക്രമപ്രകാരമല്ല

താഴെ പറയുന്ന ഭരണ സമിതി തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ സെക്രട്ടറിയുടെ ഭാഗത്തു നിന്നും വീഴ്ച്ചയുണ്ടായിട്ടുണ്ട്.

| തീരുമാനം നമ്പർ | തീയതി | തീരുമാനം | ഓഡിറ്റ് നിരീക്ഷണങ്ങൾ |
|---|---|---|---|
| 26/17 | 22.02.17 | ശ്രീ ഫ്രാൻസിസ് എം ജെ - അംഗീകാരമില്ലാതെ മരപ്പണിശാല നടത്തുന്നത് സംബന്ധിച്ച | നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. പണിശാല പ്രവർത്തിപ്പിക്കുന്നതിന് |

| | | | |
|---|---|---|---|
| | | പരാതിയിൽ ടിയാൻ പഞ്ചായത്ത് ലൈസൻസ് എടുക്കാത്തതിനാൽ അടച്ചുപൂട്ടാൻ തീരുമാനിച്ചു | ലൈസൻസിനായി 2017-18-ൽ ഉടമ അപേക്ഷ നല്കിയതായി സെക്ഷൻ ക്ലർക്ക് അറിയിച്ചിട്ടുണ്ട് |
| 57/16 | 23.05.16 | ക്രസന്റ്, പുതിയങ്ങാടി, മൊട്ടാമ്പ്രം എന്ന വിദ്യാഭ്യാസ സ്ഥാപനത്തിലെ ഹോസ്റ്റലിൽ നിന്നുള്ള മാലിന്യങ്ങൾ മാരകമായ രോഗങ്ങൾ ഉണ്ടാക്കുന്നതിന് കാരണമാകുമെന്ന ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹോസ്റ്റൽ അടപ്പിക്കുന്നതിന് ഭാരവാഹികൾക്ക് നോട്ടീസ് അയക്കാനും 20000രൂപ പിഴ ചുമത്താനും തീരുമാനിച്ചു | പിഴ ചുമത്തിയിട്ടില്ല. മാലിന്യപ്രശ്നം പരിഹരിച്ച് ഹോസ്റ്റൽ ഇപ്പോഴും പ്രവർത്തിച്ചു വരുന്നുണ്ടെന്ന് സെക്ഷൻ ക്ലർക്ക് അറിയിച്ചിട്ടുണ്ട്. |
| 99/16 | 27.08.16 | ഒഡിഎഫ് ലക്ഷ്യം കൈവരിച്ചതിനാൽ ഒഡിഎഫ് പഞ്ചായത്തായി പ്രഖ്യാപിക്കാൻ തീരുമാനിച്ചു | തുടർന്നുള്ള തീരുമാനങ്ങളിൽ മതിയായ സാനിറ്റേഷൻ സൗകര്യങ്ങളില്ലാതെ അന്യ സംസ്ഥാന തൊഴിലാളികളും മറ്റും താമസിക്കുന്നതിനാൽ വിസർ ജ്ജ്യങ്ങൾ പ്രശ്നം സൃഷ്ടിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കിയിട്ടില്ല. വെളിയിടങ്ങളിൽ മലവിസർജ്ജനം നടത്തുന്നതു മൂലമുള്ള മാലിന്യ പ്രശ്നം നിലനിൽക്കുന്നു എന്ന് ഇതിൽ നിന്നും വ്യക്തമാണ്. |
| 129/16 | 19.10.16 | അനധികൃത കെട്ടിടങ്ങളിലും പീടിക മുറികളിലും ആവശ്യത്തിനുള്ള സാനിറ്റേഷൻ | കെട്ടിടങ്ങളുടെ വിശദവിവരങ്ങളും പിഴ ചുമത്തിയതുൾപ്പെടെയുള്ള തുടർ |

| | | | |
|---|---|---|---|
| | | സൗകര്യങ്ങളില്ലാതെയും<br>കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിച്ചും അന്യസംസ്ഥാന തൊഴിലാളികളെ താമസിപ്പിച്ചതിനെതിരെ നടപടി സ്വീകരിക്കാൻ തീരുമാനിച്ചു. ഇത്തരം കെട്ടിടങ്ങളുടെ നമ്പർ റദ്ദുചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. രോഗങ്ങൾ പരത്തുന്ന രീതിയിൽ മലിനീകരണം നടത്തുന്ന കെട്ടിട ഉടമകളുടെ പേരിൽ 20000രൂപ പിഴ ചുമത്താനും പോലീസ് കേസ് ഉൾപ്പെടെയുള്ള നിയമനടപടി സ്വീകരിക്കാനും തീരുമാനിച്ചു | നടപടികളുടെ വിവരങ്ങളും ഹാജരാക്കിയിട്ടില്ല |
| 188/16 | 24.12.16 | സൌദാ ക്വാർട്ടേഴ്സ് പീടിക മുറിയിൽ ആവശ്യമായ പ്രാഥമിക സൗകര്യങ്ങളില്ലാതെ അനധികൃത താമസക്കാരെ ഒഴിപ്പിക്കുന്നതിനും ക്വാർട്ടേഴ്സ് ഉടമയ്ക്ക് രോഗങ്ങൾ പരത്തുന്ന രീതിയിൽ മാലിന്യം നിക്ഷേപിച്ചതിന് 20000 രൂപ പിഴ ചുമത്തിയ സെക്രട്ടറിയുടെ നടപടി അംഗീകരിക്കാനും തുടർ നടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്താനും തീരുമാനിച്ചു | പിഴ ചുമത്തിയിട്ടില്ല. തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ അറിയിച്ചിട്ടില്ല. |
| 132/16 | 19.10.16 | കമറുദ്ദീൻ മൊട്ടാമ്പ്രം എന്നവരുടെ ഉടമസ്ഥതയിലുള്ള സൌധാ ക്വാർട്ടേഴ്സ് XV-337,338,395 എന്നീ നമ്പർ കെട്ടിടത്തിലെ 25 പീടിക മുറികളിലായി അന്യസംസ്ഥാന തൊഴിലാളികളെ യാതൊരു പ്രാഥമിക സൌകര്യത്തിനുള്ള ടോയ്ലറ്റോ മറ്റു | |

| | | | |
|---|---|---|---|
| | | സൗകര്യങ്ങളില്ലാതെ പാർപ്പിച്ചിരിക്കുന്നത് കാരണം കെട്ടിടങ്ങളുടെ പരിസരം മാലിന്യ വിസർജ്ജനം കൊണ്ട് പ്രദേശത്ത് പകർച്ചവ്യാധി പകരുന്നതിന് സാധ്യതയുണ്ടെന്ന ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസിഡണ്ടും സെക്രട്ടറിയും സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, മെമ്പർമാരും നേരിട്ട് പരിശോധിച്ച് റിപ്പോർട്ടിലെ കാര്യങ്ങൾ ശരിയാണെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ കെട്ടിട ഉടമയ്ക്ക് 20000രൂപ പിഴ ചുമത്താനും നിയമ നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചു | |
| ,, | ,, | പുതിയങ്ങാടി വാർഡ് നമ്പർ XVII ൽ 379നമ്പർ കെട്ടിടത്തിലെ സമീപത്തായി ഫൈസൽ എന്നവരുടെ ഉടമസ്ഥതയിലുള്ള അനധികൃത ഷെഡിൽ മൃഗങ്ങളുടെ തോൽ സംഭരിച്ചത് മൂലം പകർച്ചവ്യാധി ഉണ്ടാകാൻ സാധ്യതയുണ്ടെന്ന ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തോൽ എടുത്തു മാറ്റി സംസ്കരിക്കുന്നതിനും ഷെഡ് സീൽ ചെയ്യുന്നതിനും ഫൈസൽ എന്നവരുടെ പേരിൽ 20000രൂപ പിഴ ചുമത്തുന്നതിനും തീരുമാനിച്ചു. | പിഴ ചുമത്തിയിട്ടില്ല |

നിയമാനുസൃതമല്ലാതെ പ്രവർത്തിക്കുന്ന ഏതൊരു സ്ഥാപനത്തിനുമെതിരെ നടപടികളെടുക്കാനും പിഴ ഈടാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് വർഷത്തെ വിവിധ മരാമത്ത് പണികളുടെ ടെണ്ടർ അംഗീകരിച്ചതുമായി ബന്ധപ്പെട്ട

ഭരണ സമിതി തീരുമാനങ്ങളിൽ അംഗീകരിച്ച നിരക്ക് രേഖപ്പെടുത്താത്തതും അപാകമാണ്

ഭരണസമിതി തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കാതിരുന്നത് സെക്രട്ടറിയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ച്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു. പിഴ ചുമത്താൻ തീരുമാനിച്ച സംഗതികളിൽ പിഴ ഈടാക്കാത്തതത് അപാകമാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരമുള്ള പിഴ തന്നെ നിശ്ചയിക്കാൻ ശ്രദ്ധിക്കേണ്ടതാണ് (ആറ്, ഏഴ് പട്ടികകൾ കാണുക). ചട്ടലംഘനങ്ങൾക്ക് നിയമാനുസൃത പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ് .

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സസ്പെൻഷൻ കാലയളവ് ആർജ്ജിതാവധിക്ക് പരിഗണിച്ചത് - ഉത്തരവിൽ വ്യക്തതയില്ല

3,41,334രൂപ (വൌച്ചർ നമ്പർ 21600109/05.05.16)

68,112രൂപ (086882/15.02.17 )

ഗ്രാമപഞ്ചായത്തിൽ നിന്ന് 31.08.15 ന് വിരമിച്ച ശ്രീ അബ്ദുൾ മുസ്തഫയ്ക്ക് (ജൂനിയർ സൂപ്രണ്ട്)ടെർമ്മിനൽ സറണ്ടർ ഇനത്തിൽ 258 ദിവസത്തെ ശമ്പളം അനുവദിച്ചിട്ടുണ്ട്. ഇതിൽ 200/11 = 18 2/11 ദിവസങ്ങൾ സസ്പെൻഷൻ കാലയളവുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. പഞ്ചായത്ത് ഡയറക്ടറുടെ 07.07.09 ലെ ഡി8-13914/09 നമ്പർ ഉത്തരവു പ്രകാരം 16/07/09 മുതൽ ടിയാനെ സസ്പെന്റ് ചെയ്തിട്ടുണ്ട്. 04.01.2010 ലെ ഡി8-13914/09 ഉത്തരവു പ്രകാരം ടിയാൻ 24.02.10 ന് തിരികെ സർവ്വീസിൽ പ്രവേശിച്ചു. തുടർന്ന് സസ്പെൻഷൻ കാലയളവ് അർഹതപ്പെട്ട അവധിയായി പരിഗണിച്ച് 20.05.13 തീയതിയിൽ പഞ്ചായത്ത് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. സഞ്ചിത പ്രാബല്യത്തിലല്ലാതെ ഒരു ഇൻക്രിമെന്റ് തടയുകയും ചെയ്തിരുന്നു. ഇതിനെ തുടർന്ന് ടിയാൻ സർക്കാരിനെ സമീപിക്കുകയും 25.06.14 ലെ സ ഉ (സാധാ) 1617/തസ്വഭവ ഉത്തരവു പ്രകാരം ഇൻക്രിമെന്റ് തടഞ്ഞത് ഒഴിവാക്കി സെൻഷ്വർ എന്ന ലഘുശിക്ഷയിൽ ഒതുക്കുകയും തുടർ നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തതിനെ തുടർന്ന് സസ്പെൻഷൻ കാലയളവിലെ ശമ്പളം സബ്സിസ്റ്റൻസ് അലവൻസിൽ പരിമിതപ്പെടുത്തിയും 22/01/2010 മുതൽ 23.02.10 വരെയുള്ള പ്രവേശന കാലം അർഹതപ്പെട്ട അവധിയായും സസ്പെൻഷൻ കാലയളവ് എല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായും പരിഗണിക്കാൻ പഞ്ചായത്ത് ഡയറക്ടർ 05/08/14 ന് ഡി8-13914/09 ഉത്തരവു പുറപ്പെടുവിച്ചു. എന്നാൽ പ്രസ്തുത ഉത്തരവിൽ സസ്പെൻഷൻ കാലയളവ് ആർജ്ജിതാവധിക്ക് പരിഗണിക്കപ്പെടാൻ യോഗ്യമാണോ എന്ന് വ്യക്തമാക്കിയിട്ടില്ല.

സസ്പെൻഷൻ കാലയളവ് ആർജ്ജിതാവധിക്ക് പരിഗണിക്കാമോ എന്നതു സംബന്ധിച്ച വ്യക്തത വരുത്തേണ്ടതും പരിഗണിക്കാവുന്നതല്ലെങ്കിൽ ഈയിനത്തിൽ അനുവദിച്ച തുക തിരിച്ചു പിടിക്കേണ്ടതുമാണ്.

### 3-2 സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്താക്കൾ തിരിച്ചടച്ച തുക

സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ചില്ല

ബി 9 ഷെഡ്യൂളിൽ അദർ ലയബിലിറ്റീസ് ആയി ചേർത്ത 8200 രൂപ രണ്ട് പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ ഒരെണ്ണം തിരിച്ചടച്ചതാണെന്നും ആയത് ഏത് രീതിയിൽ സർക്കാരിലേക്ക് തിരിച്ചടക്കണമെന്ന നിർദ്ദേശമില്ലാത്തതിനാലാണ് ബാധ്യതയായി തുടരുന്നതെന്നും സെക്രട്ടറി ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച വ്യക്തത വരുത്തേണ്ടതും തുക സർക്കാരിലേക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-3 ഗാർഹിക കക്കൂസ് നിർമ്മാണം- കേന്ദ്രവിഹിതം തിരികെ ലഭിച്ചത്- പദ്ധതി തയ്യാറാക്കുകയോ അതാത് ഫണ്ടിലേക്ക് തിരിച്ചടക്കുകയോ ചെയ്തിട്ടില്ല

പ്രോജക്ട് നമ്പർ 8/17

അടങ്കൽ 348400(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് 348400/-

ഒ ഡി എഫ് പദ്ധതിയുടെ ഭാഗമായി 348400രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) ചെലവഴിച്ചിട്ടുണ്ട്. സ ഉ(സാധാ) നം 2235/16/LSGD/25.07.16നമ്പർ ഉത്തരവിൽ ശുചിത്വ മിഷൻ വഴി കേന്ദ്രവിഹിതം കിട്ടുന്ന മുറയ്ക്ക് അത് അധിക വിഭവമായി വകയിരുത്തി വികസന പ്രോജക്ടുകൾക്ക വേണ്ടി ചെലവു ചെയ്യാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം ഈയിനത്തിൽ 348400രൂപ(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) ചെലവഴിച്ചതിൽ 253200രൂപ കേന്ദ്രവിഹിതമായി ലഭിച്ചതായി അറിയിച്ചിട്ടുണ്ട്. തുക ഉപയോഗപ്പെടുത്തി ഓഡിറ്റ് വർഷം മറ്റു പദ്ധതികൾ തയ്യാറാക്കിയിട്ടില്ല.

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ലഭിച്ച തുകയുടെ 30% പോലും ചെലവഴിക്കാൻ സാധിച്ചിട്ടില്ലെന്നിരിക്കെ ഒഡിഎഫിനു വേണ്ടി ചെലവഴിച്ച തുക തിരികെ ലഭിച്ചത് സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചത് ശരിയല്ല. തുക തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്

## 3-4 പൊതുമരാമത്ത് പ്രവൃത്തികൾക്ക വേണ്ടി ബിറ്റുമിൻ ,ബിറ്റുമിൻ ഇമൽഷൻ വാങ്ങൽ- അധികം നല്കിയ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2016-17 സാമ്പത്തിക വർഷത്തെ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക വേണ്ടി അസിസ്റ്റന്റ് എഞ്ചിനീ യർ തയ്യാറാക്കിയ ആവശ്യകതാ സ്റ്റേറ്റ് മെന്റ് പ്രകാരം താഴെ പറയും പ്രകാരം ബിറ്റുമിൻ, ബിറ്റുമിൻ ഇമൽഷൻ ഇവ വാങ്ങുന്നതിനായി ബി പി സി എല്ലിനും ഹിൻകോൾ നും തുക നല്കിയിട്ടുണ്ട്. സാധനങ്ങളുടെ വില വ്യത്യാസം കമ്പനികളിൽ നിന്ന് തിരികെ ലഭിച്ചിട്ടില്ല.

ആവശ്യകത

ബിറ്റുമിൻ വി ജി 30 118ബാരൽ

ബിറ്റുമിൻ ഇമൽഷൻ ആർ എസ് 1 12ബാരൽ

ബിറ്റുമിൻ ഇമൽഷൻ എസ് എസ് 1 25ബാരൽ

| ഇനം | നല്കിയതുക വൌച്ചർനമ്പർ | ഇൻവോയ്സ് നമ്പർ തീയതി | തുക | സ്ഥാപനം | തിരികെ ലഭ്യമാക്കേണ്ട തുക |
|---|---|---|---|---|---|
| ബിറ്റുമിൻ വി ജി 30 | 727907രൂ 21601148/13.03.17 | 6300005727/18.04.17 | 77659 | ബി പി സി എൽ, കൊച്ചി | 727907- 705771 = 22136രൂ |
| | | 6300003009/10.04.17 | 308733 | | |
| ബിറ്റുമിൻ ഇമൽഷൻ ആർ എസ് 1 | | 6300003077/10.04.17 | 319379 | | |
| ബിറ്റുമിൻ ഇമൽഷൻ എസ് എസ് 1 | 309671രൂ 21601149/13.03.17 | 3813/1.04.17 | 301104 | ഹിൻകോ | 309671- 301104 = 8567 |

സ്ഥാപനങ്ങളിൽ നിന്ന് തുക തിരിച്ച കിട്ടുന്ന മുറക്ക് വിവരങ്ങൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 3-5 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത പദ്ധതികൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി മുൻകൂറായി തുക നല്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരേയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| പദ്ധതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നമ്പർ | അടങ്കൽ | തുക സ്വീകരിച്ച സ്ഥാപനം | തുക | |
|---|---|---|---|---|---|---|
| പി എം എ വൈ ഭവന വിഹിതം | വി ഇ ഒ , മാടായി | 73/17 | 80000 | കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 80000 | 2/16-17 28.02.17 |

| | | | | | | |
|---|---|---|---|---|---|---|
| തെരുവു നായ്ക്കളെ നിയന്ത്രിക്കുന്നതിന് എ ബി സി പ്രോഗ്രാം നടപ്പിലാക്കൽ | സെക്രട്ടറി | 29/17 | 200000 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 100000 | 13.03.17 RTGS |
| എസ് എസ് എ വിഹിതം നല്കൽ | ,, | 37/17 | 514815 | ജില്ലാ ഓഫീസർ, എസ് എസ് എ കണ്ണൂർ | 514815 | 14/16-17 31.10.16 |
| പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | വെറ്റിനറി സർജൻ | 59/17 | 168750 | ഡി ഡി എസ് എൽ ബി പി | 168750 | P1/16-17 28.02.17 |
| ഐ എ വൈ ഗ്രാമപഞ്ചായത്ത് വിഹിതം നല്കൽ | അസിസ്റ്റന്റ് സെക്രട്ടറി | 34/17 | 525000 | കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 525000 | 4/27.02.17 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

## 3-6 ഫിഷറീസ് സബ്ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ പദ്ധതികൾ- ബിൽ ഹാജരാക്കാത്തതും മറ്റ് അപാകങ്ങളും

| ക്രമ നം. | പ്രൊജക്ടിന്റെ പേര്/നമ്പർ | ഫണ്ടിനം | ബിൽനമ്പർ /തീയ്യതി /തുക | തുക നൽകിയതിന്റെ വിവരം |
|---|---|---|---|---|
| 1 | മത്സ്യ കർഷകർക്ക് സംരക്ഷണ വല SOO71/17 | അടങ്കൽ-30000 (വികസനഫണ്ട്-15000 ഗുണഭോക്തൃ വിഹിതം-15000) | 4/16-17 30-3-17 5000 | വ്യാസാ സ്റ്റോർ മത്സ്യഫെഡ്, കണ്ണൂർ A/C NO. -1139101061519 |
| 2 | സമുദ്ര മേഖലയിലെ മത്സ്യ തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ഫർണ്ണിച്ചർ, | അടങ്കൽ-140000 (വികസനഫണ്ട്) | 1/16-17 31-3-17 118125 | മൊണാൽ ട്രെഡിംഗ് കമ്പനി മന്ന, തളിപ്പറമ്പ |

| | | | | |
|---|---|---|---|---|
| | SOO68/17 | | | A/C NO. -0730261005094 |
| 3 | ഉൾനാടൻ മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണിച്ചർ, SOO69/17 | അടങ്കൽ-140000 (വികസനഫണ്ട്) | 2/16-17 31-3-17 118125 | മൊണാൽ ട്രെഡിംഗ് കമ്പനി മന്ന, തളിപ്പറമ്പ A/C NO. -0730261005094 |

1) മത്സ്യ കർഷകർക്ക് സംരക്ഷണ വല വ്യാസാ സ്റ്റോർ, മത്സ്യഫെഡ്, കണ്ണൂരിൽ നിന്നും വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല. പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നതിനാൽ വ്യാസാ സ്റ്റോറിൽ നിന്ന് ബിൽ ലഭിച്ചിട്ടില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ബിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

2) ക്രമ നമ്പർ 2,3 ൽ പദ്ധതികൾ പ്രകാരം വിതരണം ചെയ്യുന്നതിനായി വാങ്ങിയ ഫർണ്ണിച്ചർ സ്കൂൾ അധികൃതർ മുഖേനയല്ല വിതരണം ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ ഇതേ രീതിയിലുള്ള മുഴുവൻ പദ്ധതികളുടെയും ആനുകൂല്യങ്ങൾ ഒരു പൊതു പരിപാടിയിലാണ് വിതരണം ചെയ്തതെന്നും സ്കൂൾ അധികൃതരിലൂടെ വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ഹോമിയോ ഡിസ്പെൻസറി - മരുന്നുകൾ ലഭ്യമാവാത്തത്

നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ , ഹോമിയോ,

പ്രോജക്ട് നമ്പർ 76/17

അടങ്കൽ 300000( സംരക്ഷണ ഗ്രാന്റ്- റോഡിതരം)

ചെലവ് 300000(ബിൽ നമ്പർ 1/17 10.03.17)

മാടായി ഗ്രാമപഞ്ചായത്തിലെ ഗവ. ഹോമിയോ ഡിസ്പെൻസറിയിലേക്കും എൻ.എച്ച്.എം-ലേക്കും മരുന്നുകൾ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ ഓപ്പറേറ്റീവ് ഫാർമ്മസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് മുൻകൂറായി 300000രൂപ നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി മരുന്നുകൾ ലഭ്യമായിട്ടില്ല.

സ്ഥാപനവുമായി ചമച്ച കരാർ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. രണ്ടു സ്ഥാപനങ്ങൾക്കുമായി മരുന്നുകൾ വാങ്ങിയതിന് ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ യഥാക്രമം 7240രൂപ,3575രൂപ വീതം ഇൻവോയ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ടും ഒരുമിച്ച് കൊണ്ടുവരാമെന്നിരിക്കെ വ്യത്യസ്ത ബില്ലുകൾ തയ്യാറാക്കിയതിനാൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് കൂടുതലായി നല്കാനിടയാകുന്നുണ്ട്. മരുന്നുകൾ ഒരുമിച്ച് എത്തിച്ചാൽ മതിയെന്ന നിർദ്ദേശം സ്ഥാപനത്തിന് നല്കി ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ വരുന്ന അധികച്ചെലവ് ഒഴിവാക്കാവുന്നതാണ്.

മരുന്നുകൾ ലഭ്യമാക്കുന്നതിലുള്ള കാലവിളംബം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതും മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

## 3-8 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നല്കൽ-അനർഹർക്ക് ആനുകൂല്യം നല്കിയത്-123200രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റൻറ് സെക്രട്ടറി

പ്രൊജക്ട് നമ്പർ : 82/17

പ്രൊജക്ടിന്റെ പേര് :പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നല്കൽ

വികസന ഫണ്ട് (SCP) :705000

തനത് :20000

അടങ്കൽ :725000

ബിൽ നം./ തീയതി :10/27.3.17 705000രൂ

ചെക്ക് നം./ തീയതി :ലഭ്യമല്ല /25.3.17 9560രൂ

മേൽപദ്ധതിക്കായി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ കമ്പ്യൂട്ടർ കെയർ, പയ്യന്നൂരിൽ നിന്നും ₹24640/- രൂപ നിരക്കിൽ 29 ലാപ്പ്ടോപ്പുകൾ വാങ്ങുകയും ചെയ്തു. (ഇൻവോയ്സ് നമ്പർ-7646/24.3.17) ഇവ 29 എസ്.സി.വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു.

സ.ഉ.(എം.എസ്.)4/2016 ത.സ്വ.ഭ.വ. തീ.11.1.16, സ.ഉ.(സാധാ.)2464/2016 ത.സ്വ.ഭ.വ. തീ.17.8.16(6-8(6)) എന്നിവ പ്രകാരം എസ്.സി വിഭാഗത്തിൽ പെട്ട മെഡിക്കൽ,എൻജിനീയറിംഗ്,കമ്പ്യൂട്ടർ സയൻസ് എന്നീ കോഴ്സുകൾക്ക് പ്രൊഫഷണൽ കോളജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും മറ്റ് ബിരുദ,പോളിടെക്ക്നിക്ക് വിദ്യാർത്ഥികൾക്കുമാണ് ലാപ്പ്ടോപ്പുകൾ വാങ്ങി നല്കാവുന്നത്. താഴെ പറയുന്ന ഗുണഭോക്താക്കൾ മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ ഉൾപ്പെടുന്നില്ല.

| ക്രമ നമ്പർ | പേര് | കോഴ്സ് | കോളേജ് |
|---|---|---|---|
| 1 | ഷിമിനി കൃഷ്ണൻ | ബി.എഡ്. | പി.കെ.എം.കോളേജ്,മടമ്പം |
| 2 | ശരത്.കെ.സി. | ബി.എഡ്. | കേയി സാഹിബ്, ട്രെയനിംഗ് കോളേജ്, കരിമ്പം |
| 3 | ഷംന പയനി | എം.എ.മലയാളം | ശ്രീ ശങ്കരാചാര്യ റീജിയണൽ സെന്റർ, പയ്യന്നൂർ |
| 4 | ഷിൽന.വി. | എം.എസ്.സി. മോളിക്കുലാർ | കണ്ണൂർ യൂനി.കേമ്പസ് |

| | | | |
|---|---|---|---|
| | | ബയോളജി | |
| 5 | പ്രിയങ്ക തളിയിൽ | എം.എസ്.സി.ബോട്ടണി | സർസയ്യിദ് കോളേജ്,തളിപ്പറമ്പ് |

സർക്കാർ ഉത്തരവിനു വിരുദ്ധമായി ആനുകൂല്യം നല്കിയതിനാൽ 5x24640 = 123200 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

## 3-9 സാംസ്കാരിക നിലയങ്ങൾക്ക് സൌണ്ട് സിസ്റ്റം വാങ്ങൽ- ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾക്ക് നല്കി- 138900രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റൻറ് സെക്രട്ടറി

പ്രൊജക്ട് നമ്പർ : 82/17

പ്രൊജക്ടിന്റെ പേര് :സാംസ്കാരിക നിലയങ്ങൾക്ക് സൌണ്ട് സിസ്റ്റം വാങ്ങൽ

വികസന ഫണ്ട് (SCP) :200000

ബിൽ നം./ തീയതി :16/30.3.17 185200രൂ

മേൽപദ്ധതിക്കായി ടെണ്ടർ ക്ഷണിച്ച് കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ പി.കെ.കെ. എന്റർപ്രൈസെസ്, രാമന്തളി, പയ്യന്നൂരിൽ നിന്നും 4 സൗണ്ട് സിസ്റ്റവും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ-1027/27.3.17) ഇവ വെങ്ങര ഗേറ്റ് സാംസ്കാരിക നിലയം,നീരൊഴുക്കുംചാൽ സാംസ്കാരിക വേദി, മഞ്ഞര വളപ്പ് സാംസ്കാരിക നിലയം, കുണ്ടായിട്ടമ്മൽ കമ്യൂണിറ്റി ഹാൾ എന്നീ സാംസ്ക്കാരിക നിലയങ്ങൾക്ക് വിതരണം ചെയ്തു.

ഇതിൽ കുണ്ടായിട്ടമ്മൽ കമ്യൂണിറ്റി ഹാൾ ഒഴികെയുള്ള 3 സാംസ്കാരിക നിലയങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുന്നവയല്ല.

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ പെടാത്ത സാംസ്കാരിക നിലയങ്ങൾക്ക് സൌണ്ട് സിസ്റ്റം വാങ്ങി നല്കുന്നതിനായി ചെലവഴിച്ച 138900/- രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

## 3-10 പദ്ധതി തയ്യാറാക്കാതെ ചെലവു ചെയ്തു- 100000രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ,പി എച്ച് സി

ചെക്ക് നം./ തീയതി :86117/27.9.16 100000രൂ

2015-16 സാമ്പത്തിക വർഷത്തെ സ്വാന്ത്വന പരിചരണ പദ്ധതിക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും 30.06.16ന് ലഭിച്ച മേൽ തുക താഴെ പറയും പ്രകാരം ചെലവഴിച്ച് മരുന്നും മറ്റ് മെഡിക്കൽ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

1.നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും 98740 രൂപയുടെ മരുന്നുകളും മറ്റ് മെഡിക്കൽ

ഉപകരണങ്ങളും(ബിൽ നമ്പർ-642/10.8.16)

2.അൽ-അമീൻ സർജിക്കൽസ്,പയ്യന്നൂരിൽ നിന്ന് 1260 രൂപയുടെ മരുന്നുകൾ

ഇത് സംബന്ധിച്ച് താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1.ഇപ്രകാരം തുക ചെലവഴിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് 2016-17 ൽ അംഗീകാരം ലഭിച്ചിട്ടില്ല. സംയോജിത പദ്ധതികൾക്കു വേണ്ടി ലഭിക്കുന്ന തുക അതാത് വർഷത്തെ ആവശ്യങ്ങൾക്കായി ചെലവഴിക്കാൻ കഴിയുന്നില്ലെങ്കിൽ തിരിച്ചടക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

2.നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങിയ 98740 രൂപയുടെ സാധനങ്ങളിൽ 65170 രൂപയുടെ മരുന്നുകൾ ഉൾപ്പെടുന്നു. ഡയാലിസിസ് രോഗികൾക്കാവശ്യമായ മരുന്നാണെന്നും ബന്ധപ്പെട്ട ഒ പി ആരംഭിക്കുന്ന മുറക്ക് മരുന്നുകൾ ഉപയോഗിക്കുന്നതാണെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. 8/16 ന് വാങ്ങിയ മരുന്നുകൾ ഓഡിറ്റ് തീയതി വരെയും (09.08.17) ഉപയോഗിക്കാൻ തുടങ്ങിയിട്ടില്ല എന്നത് തുക ചെലവഴിക്കാൻ വേണ്ടി മാത്രമാണ് മരുന്നുകൾ വാങ്ങിയതെന്ന വസ്തുതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ആവശ്യകതക്കനുസരിച്ചല്ലാതെ മരുന്നുകൾ വാങ്ങിയതിന് വിശദീകരണം ആവശ്യമാണ്.

3. 33,570/- രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ പാലിയേറ്റീവ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിയിട്ടില്ല. രോഗികളുടെ ആവശ്യത്തിനനുസരിച്ച് മാത്രമേ വിതരണം ചെയ്യേണ്ടതുള്ളൂ എന്നാണ് ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മെഡിക്കൽ ഓഫീസർ മറുപടി നല്കിയത്.

പദ്ധതി തയ്യാറാക്കാതെയും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയും ചെലവു നടത്തിയതിനാൽ 100000രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

## 3-11 തെങ്ങുകൾക്ക് ജൈവ വളം വിതരണം,രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നടൽ - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ- കൃഷി ഓഫീസർ

പ്രൊജക്ട് നമ്പർ : 65/17

പ്രൊജക്ടിന്റെ പേര് :തെങ്ങുകൾക്ക് ജൈവ വളം വിതരണം,രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നടൽ

വികസന ഫണ്ട് :2300000

മറ്റുള്ളവ : 900000

അടങ്കൽ :3200000

ബിൽ നം./ തീയതി :4/30.3.17 23,00,000രൂ

മേൽപദ്ധതിയുടെ ഭാഗമായി തെങ്ങുകൾക്ക് ജൈവ വളം വിതരണം നടത്തുകയും 400 തെങ്ങുകൾ മുറിച്ചു മാറ്റിയതിന് ധന സഹായമായി 200000 രൂപ അനുവദിക്കുകയും ചെയ്തു. എന്നാൽ മുറിച്ചുമാറ്റിയ തെങ്ങുകൾക്ക് പകരമായി തെങ്ങിൻതൈകൾ വിതരണം നടത്തിയിട്ടില്ല.

ആയതിനാൽ പദ്ധതി ലക്ഷ്യ പ്രാപ്തി കൈവരിച്ചിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയില്ല.

## 3-12 മുട്ടം ബ്ലാക്ക് നൈറ്റ് ക്ലബ് പൂന്നക്കൻ അബൂബക്കർ വീട് ഡ്രൈയ്നേജ്- മൺപണി- ഇനം തെരഞ്ഞെടുത്തതിൽ വ്യത്യാസം വന്നത്- 15505രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ 98/17

അടങ്കൽ 243000(200000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 43000തനത് ഫണ്ട്)

ചെലവ്

ബിൽ നമ്പർ തീയതി തുക 15/16-17,31.03.17 1,88,531/- രൂ

കരാറുകാരൻ ശ്രീ റനീഷ് റേർമാൽ (20.8% കുറഞ്ഞ നിരക്ക്)

എം ബുക്ക് നമ്പർ 236/16-17

ഇനം 1 ആയി ഡ്രൈയ്നേജ് ഫൗണ്ടേഷനു വേണ്ടിയുള്ള മൺപണിയാണ് ചെയ്തിട്ടുള്ളത്. ആയതിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് മോർഡ് സ്പെസിഫിക്കേഷനിൽ 11.1.1.1 വരുന്ന ഡാറ്റയാണ്. പ്രസ്തുത സ്പെസിഫിക്കേഷൻ താഴെ പറയും പ്രകാരമാണ്

“ Earthwork excavation for structures as per drawings and technical specification clause 305 including setting out construction of shoring and bracing removal of stumps and other deleterious material and disposal upto a lead of 50m dressing of sides and bottom and backfilling in trenches with excavated suitable material (ordinary soil)”

42.5x1x.8= 34m3 @456.03/m3= 15505രൂ

എന്നാൽ 1മീറ്റർ വീതിയിലും 80 സെ മീ ആഴത്തിലും 42.5മീ നീളത്തിൽ മൺപണി നടത്തി അതേ അളവുകളിൽ തന്നെ ഡ്രൈയിൻ നിർമ്മിക്കുന്ന പ്രവൃത്തിയിൽ ബാക്ക് ഫില്ലിംഗ് ഇൻ ട്രഞ്ചസ്, ഡ്രസ്സിംഗ് ഓഫ് സൈഡ്സ് & ബോട്ടം ഇവ വരുന്നില്ല. ആയതിനാൽ ശരിയായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്താതെ അധികച്ചെലവ് വരാൻ ഇടയായിട്ടുണ്ട്. പ്രസ്തുത ഇനത്തിനു വേണ്ടി ചെലവഴിച്ച 15505 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

## 3-13 കാലിക്കൽ റോഡ് സുൽത്താൻ കനാൽ റോഡ് നിർമ്മാണം- അപാകങ്ങൾ- 113165 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

പ്രോജക്ട് നമ്പർ 92/16,47/17

അടങ്കൽ 200000(തനത്ഫണ്ട്)

ചെലവ്

113165രൂ,31/03/17

കരാറുകാരൻ ശ്രീ സിദ്ദിഖ് അമീർ അലി(എസ്റ്റിമേറ്റ് റേറ്റ്)

എം ബുക്ക് നമ്പർ 99/14-15

നാലുമാസം പൂർത്തീകരണ കാലാവധി നിശ്ചയിച്ചു കൊണ്ട് പ്രസ്തുത പ്രവൃത്തിക്കു വേണ്ടിയുള്ള കരാർ ചമച്ചത് 18.09.15 നാണ്. കരാറുകാരൻ അന്നേ ദിവസം തന്നെ സ്ഥലം ഏറ്റെടുത്തിരുന്നുവെങ്കിലും ഒന്നാം പാർട്ട് ബിൽ വരെയുള്ള പ്രവൃത്തികൾ ഒറിജിനൽ എസ്റ്റിമേറ്റ്)ചെയ്തു തീർക്കുന്നത് 04.04.2016 നു മാത്രമാണ്.

ഒറിജിനൽ എസ്റ്റിമേറ്റിൽ റോഡിന്റെ വീതി 2.9 മീറ്റർ ആയിരുന്നത് നാട്ടുകാർ കൂടുതൽ വീതിയിൽ സ്ഥലം വിട്ടു നല്കാൻ തയ്യാറായതിനെ തുടർന്ന് 5.8 മീറ്റർ ആയി വർധിപ്പിക്കുകയും ആയതിനാൽ ഇനം 3 മുതൽ 10 വരെ ഇരട്ടിപ്പുണ്ടാവുകയും ചെയ്തതായി രേഖപ്പെടുത്തി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 29.05.17 ലെ 108/177(4) നമ്പർ തീരുമാന പ്രകാരം റിവൈസ്ഡ് പ്രോജക്ടിന് ഭരണാനുമതി നല്കുകയും 30/06/17 വരെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുകയും ചെയ്തു. എന്നാൽ നിശ്ചയിച്ച പൂർത്തീകരണ കാലാവധിക്കു ശേഷമാണ്(17.01.16) ഇത്തരത്തിലുള്ള വ്യതിയാനങ്ങൾ ഉണ്ടായിട്ടുള്ളത്. പൂർത്തീകരണ കാലാവധിക്കകം വ്യതിയാനങ്ങൾ രേഖപ്പെടുത്താതെ ഒന്നര വർഷത്തിനു ശേഷം തീരുമാനമെടുക്കുകയും ദീർഘീകരണം അനുവദിക്കുകയും ചെയ്തത് നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമാണ്.

ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ ഏത് തീയതിയിലെ യോഗത്തിലാണ് അവതരിപ്പിക്കപ്പെട്ടത് എന്ന് വ്യക്തമാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളുടെ പകർപ്പ് ഹാജരാക്കേണ്ടതുമാണ് . ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. പദ്ധതിക്കു വേണ്ടി ചെലവഴിച്ച 113165 രൂപ തടസത്തിൽ വെക്കുന്നു.

## 3-14 ക്യാഷ് ബുക്ക് സൂക്ഷിപ്പ്

അസിസ്റ്റന്റ് എഞ്ചിനീയർ നിശ്ചിത മാതൃകയിലല്ല ക്യാഷ്ബുക്ക് സൂക്ഷിച്ചു വരുന്നത്. ഓരോ ദിവസത്തേയും വരവു ചെലവുകൾ രേഖപ്പെടുത്തി ക്യാഷ് ബുക്ക് ക്ലോസ് ചെയ്യുന്നില്ല. ഫണ്ട് തിരിച്ചാണ് ചെലവുകൾ രേഖപ്പെടുത്തിയിട്ടുള്ളത്. ടി ആർ 7A മാതൃകയിൽ ദിവസേനയുള്ള വരവു ചെലവുകൾ നിശ്ചിത മാതൃകയിൽ രേഖപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 3-15 ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത്- തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

താഴെ പറയുന്ന ഗുണഭോക്താക്കൾ വിവിധ ഭവന നിർമ്മാണ പദ്ധതികളുടെ ഭാഗമായി ആദ്യ ഗഡുക്കൾ കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | പദ്ധതി ആരംഭിച്ച വർഷം | സബ്സിഡി | ഇതുവരെ നല്കിയ തുക | അവസാന ഗഡു കൈപ്പറ്റിയ തീയതി | നിർമ്മാണ ഘട്ടം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | മനോഹരൻ മഞ്ഞേരിവളപ്പിൽ | 2009-10 | 75000 | 67500 | 08.09.10 | ചുമർ |
| 2 | തെക്കേവീട്ടിൽ പാറു | ,, | ,, | 52500 | 08.09.10 | ചുമർ |
| 3 | കല്ലേൻ മാഗി | ,, | ,, | 22500 | 25.02.10 | ആരംഭിച്ചിട്ടില്ല |
| 4 | റുഖിയ ഉള്ളിക്കുന്നുമ്മൽ | ,, | ,, | 22500 | 18.03.10 | ആരംഭിച്ചിട്ടില്ല |
| 5 | കെ.പി. കാർത്ത്യായനി | ,, | ,, | 22500 | 18.03.10 | ആരംഭിച്ചിട്ടില്ല |
| 6 | മുണ്ടവളപ്പിൽ ശാരദ | ,, | ,, | 67500 | 16.03.11 | ചുമർ |
| 7 | ബേബി ത്രേസ്യ | ,, | ,, | 52500 | 29.02.10 | തറ |
| 8 | അനിത കെ പി | ,, | 100000 | 30000 | 16.06.10 | ആരംഭി ച്ചിട്ടില്ല |
| 9 | പ്രിയ കെ പി | 2012-13 | 200000 | 140000 | 31.03.14 | ലിന്റൽ |
| 10 | നിരിച്ചൻ ചിത്ര | ,, | ,, | 80000 | 21.03.15 | തറ |
| 11 | സിന്ധു എം | ,, | ,, | 140000 | 16.01.14 | ലിന്റൽ |
| 12 | മാടൻ ഷാൻകുമാർ | ,, | ,, | 80000 | 19.09.15 | തറ |
| 13 | രമ്യ ഇ | ,, | ,, | 140000 | 31.03.14 | തറ |
| 14 | സുനമോൾ കെ | ,, | ,, | 140000 | 15.09.15 | ചുമർ |
| 15 | ഷൈമ കെ | 2014-15 | ,, | 140000 | 30.06.17 | ലിന്റൽ |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിലേക്കായി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

## 3-16 പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ വാങ്ങിയത് - നാളിതുവരെ ഉപയോഗം ആരംഭിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രോജക്ട് നമ്പർ 182/17 – പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ വാങ്ങൽ

അടങ്കൽ 405000(വികസന ഫണ്ട്)

ചെലവ്

405000/- രൂപ (ബിൽ നമ്പർ 39/27.03.17)

ബെൽ ഇലക്ട്രിക്കൽസ് മെഷീൻസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഓഡിറ്റ് വർഷം വാങ്ങിയ ജനറേറ്റർ ഗ്രാമപഞ്ചായത്ത് ഓഫീസിന് പുറത്ത് ടാർ പോളിൻ ഷീറ്റ് വച്ച് മൂടി വച്ച നിലയിലാണ് ഓഡിറ്റ് വേളയിലും ഉള്ളത് . ജനറേറ്റർ ഇൻസ്റ്റലേഷൻ നടത്തുന്നതിന് പ്രോജക്ടിൽ വകയിരുത്തിയ ഫണ്ട് അപര്യാപ്തമായതിനാൽ ഫണ്ട് നഷ്ടമാവാതിരിക്കാൻ ജനറേറ്റർ വാങ്ങിയതാണെന്നും ഇൻസ്റ്റലേഷനുള്ള പ്രോജക്ട് 2017-18 വർഷം തയ്യാറാക്കി അംഗീകാരം വാങ്ങുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഒരു പദ്ധതിക്കാവശ്യമായ മുഴവൻ ഘടകങ്ങളും ഉൾപ്പെടുത്താതെ പദ്ധതി തയ്യാറാക്കുന്നത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ജനറേറ്റർ സുരക്ഷിതമായ സ്ഥലത്തേക്ക് മാറ്റേണ്ടതും താമസംവിനാ സ്ഥാപിക്കേണ്ടതുമാണ്. മാത്രമല്ല ജനറേറ്റർ ഡെലിവറി ചെയ്ത ദിവസം മുതലാണ് അതിന് വാറണ്ടി പിരിയഡ് കണക്കാക്കുന്നത്. സ്ഥാപിക്കുന്നതിനുള്ള കാലതാമസം മൂലം വാറണ്ടി കാലയളവ് നഷ്ടപ്പെടുന്നതു കൂടി ഗൗരവമായി കാണേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് | റിമാർക്സ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 90000 | നെൽക്യഷിക്ക് കൂലിച്ചെലവ് സബ്സിഡി വിതരണം | 90000 | -- | 2015-16 വർഷത്തെ പാലിയേറ്റീവ് കെയർ വിഹിതമായി ലഭിച്ച 100000 രൂപ വാർഷിക ധനകാര്യ പത്രികയിൽ പ്രസ്തുത ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല |
| | 100000 | സ്വാന്തന പരിചരണം 2015-16 | 100000 | -- | |

മുൻവർഷങ്ങളിൽ ജില്ലാ ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച തുകയിൽ

ബാക്കിയുള്ള തുകയുടെ വിവരങ്ങൾ ഖണ്ഡിക 1-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക സർക്കാർ നിർദ്ദേശാനുസരണം തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നല്കിയ തുക | ചെല വഴിച്ച തുക | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| 1 | കെ ഡബ്ല്യു എ | അടുത്തില അങ്കണവാടി കുഴൽക്കിണർ നിർമ്മാണം,14/17 | 21601217/11.11.16 | 26275 | 26275 | -- |
| 2 | ,, | പൈപ്പ് ലൈൻ നിർമ്മാണം-ഇഎൻ ആയിഷയുടെ വീട്ടുമുതൽ കനാൽ വരെ,15/17 | 21600692/28.11.16 | 20500 | -- | 20500 |
| 3 | ,, | പൈപ്പ് ലൈൻ നിർമ്മാണം-മൈലാഞ്ചിക്കൽ ബീഫാത്തു വീട്ട മുതൽ പുന്നക്കൽ ബീഫാത്തു വീട്ട വരെ ,16/17 | 21600693/8.11.16 | 27500 | -- | 27500 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 4 | ,, | പൈപ്പ് ലൈൻ നിർമ്മാണം-ബിലാൽ പള്ളി,17/17 | 21600691/8.11.16 | 14000 | -- | 14000 |
| 5 | ,, | പൈപ്പ് ലൈൻ നിർമ്മാണം-കക്കാടപ്പുറം റേഷൻ ഷോപ്പ് മുതൽ മൂലക്കൽ കടവ് വരെ,18/17 | 21600690/8.11.16 | 25000 | -- | 25000 |
| 6 | ,, | പൈപ്പ് ലൈൻ നിർമ്മാണം-വെൽഫെയർസ്കൂൾ മുതൽ കൃഷ്ണൻകുട്ടിയുടെ വീടു വരെ,19/17 | 21600689/8.11.16 | 17000 | -- | 17000 |
| 7 | ,, | പൈപ്പ് ലൈൻ നിർമ്മാണം-വെങ്ങര പോസ്റ്റോഫീസ് റോഡുമുതൽ പബ്ലിക്ക് ടേപ്പവരെ,133/17 | 21600709/9.11.16 | 200000 | -- | 200000 |
| 8 | ,, | പൈപ്പ് ലൈൻ നിർമ്മാണം-പൊള്ളായി പബ്ലിക്ക് ടേപ്പ്,135/17 | 21600708/9.11.16 | 11000 | -- | 11000 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 9 | ,, | പൈപ്പ് ലൈൻ നിർമ്മാണം- തിരുമേനി കോളനി മുതൽ ഒതേനൻ വീട്ടു വരെ,136/17 | 21600707/9.11.16 | 540000 | -- | 540000 |
| 10 | ,, | പൈപ്പ് ലൈൻ നിർമ്മാണം- പണ്ണേരി കൃഷ്ണൻ വീട്ടുമുതൽ വണ്ണാരത്ത് പീടിക വരെ,158/17 | 21600688/8.11.16 | 140000 | -- | 140000 |
| 11 | കെ എസ് ഇ ബി | സ്ട്രീറ്റ് ലൈറ്റ് കോംബ്രേഡ് ക്ലബ് മുതൽ കിഴക്കേകാവ് റോഡുവരെ,164/17 | 21600677/8.11.16 | 79500 | 79500 | -- |
| 12 | കെ ഡബ്ല്യു എ | പൈപ്പ് ലൈൻ വലിക്കൽ- വെങ്ങര കസ്തൂർ അംഗൻവാടി,170/17 | 21601120/8.03.17 | 60000 | -- | 60000 |
| 13 | ,, | പൈപ്പ് ലൈൻ വലിക്കൽ- ച്ചൂട്ടാട്,175/17 | 21601122/8.03.17 | 230000 | -- | 230000 |
| 14 | ,, | പൈപ്പ് ലൈൻ വലിക്കൽ- | 21601121/8.03.17 | 185000 | -- | 185000 |

| | | | | | | |
|---|---|---|---|---|---|---|
| | | പ്രിയദർശിനി ക്ലബ് മുതൽ ബി പി കേശവൻ മാസ്റ്ററുടെ വീട്ടു വരെ,180/17 | | | | |
| 15 | ,, | പൈപ്പ് ലൈൻ വലിക്കൽ-ചൂരിക്കാട് റോഡ്,183/17 | 21601117/8.03.17 | 80000 | -- | 80000 |
| 16 | ,, | പൈപ്പ് ലൈൻ വലിക്കൽ- ചൈനാക്ലേ കാന്റീൻ മുതൽ സുധയുടെ വീട്ടു വരെ,187/17 | 21601116/8.03.17 | 85000 | -- | 85000 |
| 17 | ,, | പൈപ്പ് ലൈൻ വലിക്കൽ-ബഡ്സ് സ്കൂൾ മുതൽ സരോജിനിയുടെ വീട്ടുവരെ,188/17 | 21601199/21.03.17 | 80000 | -- | 80000 |
| 18 | കെ എസ് ഇ ബി മാടായി | സ്ട്രീറ്റ് ലൈറ്റ് നിർമ്മാണം - ഇട്ടമ്മൽ എംഐസി കടവ്,186/17 | 21601199/21.03.17 | 29750 | -- | 29750 |
| 19 | ,,പഴയങ്ങാടി | ലൈൻവലിക്കൽ - എരിപ്രം കോളനി വരെ,179/17 | RTGS 15.03.17 | 146600 | 146600 | -- |

| | | | | | | |
|---|---|---|---|---|---|---|
| 20 | ,, | ലൈൻവലിക്കൽ- തലക്കൽ പള്ളി മുതൽ പാലക്കോട് പാലം വരെ സ്ട്രീറ്റ് ലൈറ്റ്,172/17 | 21601198/21.03.17 | 70200 | -- | 70200 |
| 21 | കെ എസ് ഇ ബി, പഴയങ്ങാടി | സമ്പൂർണ്ണ വൈദ്യുതീകരണം ഗ്രാമപഞ്ചായത്ത് വിഹിതം നല്കൽ,181/17 | ബിൽ നമ്പർ 31/ 15.03.17 | 195835 | -- | 195835 |
| 22 | കെ ഡബ്ല്യു എ | പ്രീയദർശിനി സ്കൂൾ ശ്മശാനം റോഡ് കുടിവെള്ള പൈപ്പ് ലൈൻ, 155/17 | DD no. 408012/ 05.01.17 | 150000 | -- | 150000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| ഇ എം എസ് ഭവനനിർമ്മാണ പദ്ധതി | സഉ(സാധാ) 728/2010 /ത.സ്വ.ഭ.വ 04.03.10 | 11013025 | 142500 | 142500 | | -- |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിര നിക്ഷേപം ഇല്ല. താഴെ പറയും പ്രകാരം 15000രൂപയുടെ ഷെയർ സർട്ടിഫിക്കറ്റുകൾ ഉണ്ട്

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന നിക്ഷേപം | 15000 |
| തൻവർഷം നിക്ഷേപിച്ച തുക | -- |
| ആകെ | 15000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപം | 15000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഷെയർ സർട്ടിഫിക്കറ്റ് | കണ്ണൂർ കോപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി, ഷെയർ നമ്പർ 123D |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 7002 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14,14-15 | 2-1(1) | 250 | അജിത പി | 1160210400/06.09.16 |
| | 2-1(3) | 1250 | മാടായി കോപ്പറേറ്റീവ് റൂറൽ ബാങ്ക്, പുതിയങ്ങാടി | 116021044131/19.09.16 |

| | | | | |
|---|---|---|---|---|
| | | | | |
| 2015-16 | 2-2 | 1834 | സീറെ വളപ്പിൽ അബ്ദുൾ മജീദ് | 11602108265/20.03.17 |
| | | 1834 | | 11602108266/20.03.17 |
| | | 1834 | | 11602108267/20.03.17 |
| | ആകെ | 7002രൂ | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 47548045 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 43351375 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 490770 |

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 123200 | ശ്രീ ശ്രീകുമാർ സി കെ<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-9 | 138900 | ശ്രീ ശ്രീകുമാർ സി കെ<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-10 | 100000 | ഡോ പി കെ സമീർ<br>മെഡിക്കൽ ഓഫീസർ |

| | | |
|---|---|---|
| 3-12 | 15505 | ശ്രീമതി. വഹീദ കെ<br>അസി.എഞ്ചിനീയർ |
| 3-13 | 113165 | ,, |
| | ₹490770 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽഎഫ്/കെഎൻആർ/സി7-1423<br>തീയതി 13.08.14 | 1 |
| 1999-2000പ്ലാൻ | എൽഎഫ്/സി13-1520/03<br>തീയതി 22.01.2014 | 7 |
| 2000-01 പ്ലാൻ | എൽഎഫ്/സി13-1336/08(15)<br>തീയതി 18.10.08/04.06.09 | 9 |
| 2002-03 | എൽഎഫ്/കെഎൻആർ/സി7/1423/13<br>തീയതി 13.08.14 | 8 |
| 2003-04 | എൽഎഫ്/കെഎൻആർ/സി4-649/09<br>തീയതി 17.11.09 | 22 |
| 2004-05 | എൽഎഫ്/കെഎൻആർ/സി7-1423/13<br>തീയതി 13.08.14 | 6 |
| 2005-06 | എൽഎഫ്/കെഎൻആർ/സി4-718/09 | 5 |

| | | |
|---|---|---|
| | തീയതി 17.11.09 | |
| 2006-07 | എൽഎഫ്-5235/സ്പെ.സെൽ/സിഎസ് സി/ ഡി3/12 06.05.14 | 40 |
| 2007-08 | എൽഎഫ്/കെഎൻആർ/സി4-1214/09 തീയതി 14.12.11 | 23 |
| 2008-09 | എൽഎഫ്/കെഎൻആർ/സി 7-36/12<br>തീയതി 19.09.12 | 5 |
| 2009-10 | എൽഎഫ്/കെഎൻആർ/സി7/33/13<br>തീയതി 17.07.13 | 17 |
| 2010-11,2011-12 | എൽഎഫ്/കെഎൻആർ/സി7/971/13 | 13 |
| 2012-13 | എൽഎഫ്/കെഎൻആർ/സി7/1100/15 | 21 |
| 2013-14,2014-15 | എൽഎഫ്/കെഎൻആർ/സി7-1459/16 തീയതി 09.08.16. | 16 |
| 2015-16 | കെ എസ് എ/ കെഎൻആർ/സി-2/2095/16 തീയതി 06.01.17 | 25 |

.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.-കെ.എൻ.ആർ/സി.2/1652/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാഓഡിറ്റ് കാര്യാലയം,കണ്ണൂർ
ഇ-മെയിൽ – doknr.ksad@kerala.gov.in
ഫോൺ – 04972-707698

തീയ്യതി – 05.10.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്റോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നിർവ്വഹിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ ഓഡിറ്റ് റിപ്പോർട്ടിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മാടായി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

APPENDIX - 1

AUDIT CERTIFICATE

No.KSA-KNR/C2/1652/2017

Kerala State Audit Department,
District Audit Office, Kannur,

Phone 04972-707698

E-Mail. doknr.ksad@kerala.gov.in

Date: 05.10.2017

Certified that I have audited the Annual Financial Statement of Madayi Gramapanchayath in KANNUR District for the year ended on 31.3. 2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Madayi Gramapanchayath for the year 2016-17 except the observations in my Audit report properly presents the picture of income and expenditure.

DEPUTY DIRECTOR,

KERALA STATE AUDIT DEPARTMENT

## അനുബന്ധം 2

# RECEIPT AND PAYMENT STATEMENT

MADAYI GRAMA PANCHAYATH

RECEIPT AND PAYMENT STATEMENT

FOR THE PERIOD FROM 01 -APRIL- 2016 TO 31- MARCH -2017

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT(Rs) |
|---|---|---|---|
| OPENING BALANCE | | | |
| | BANK<br>CASH | RP -40(a)<br>RP-40(b) | 13452870.61<br>320742 |
| RECEIPTS | | | |
| OPERATING | | | |
| 110000000 | TAX REVENUE | RP-1 | 1907996 |
| 140000000 | FEES AND USER CHARGES | RP-4 | 539799 |
| 150000000 | SALE AND HIRE CHARGES | RP-5 | 393150 |
| 160000000 | REVENUE GRANTS,FUNDS CONTRIBUTIONS& COMPENSATIONS | RP-7 | 12407844 |
| 171000000 | INTEREST EARNED | RP-9 | 14259<br>യഥാർത്ഥ തുകയല്ല. |

| | | | |
|---|---|---|---|
| | | | ഖ 1-3(7) കാണുക |
| 320000000 | GRANTS, FUNDS& CONTRIBUTIONS FOR SPECIFIC PURPOSES | RP-31 | 26379273 |
| 350000000 | OTHER LIABILITIES | RP-36 | 88745 |
| NON OPERATING | | | |
| 311000000 | EARMARKED FUNDS | RP-29 | 45258 |
| 180000000 | OTHER INCOME | RP10 | 25660 |
| 340000000 | DEPOSITS RECEIVED | RP-34 | 159800 |
| 350000000 | OTHER LIABILITIES | RP-36 | 359957 |
| 431000000 | SUNDRY DEBTORS(RECEIVABLE) | RP-43 | 3871571 |
| 460000000 | LOANS, ADVANCES AND DEPOSITS | RP-47 | 1354733 |
| GRAND TOTAL | | | 61321657.61 |
| PAYMENTS | | | |
| OPERATING | | | |

| | | | |
|---|---|---|---|
| 210000000 | ESTABLISHMENT EXPENSES | RP-11 | 3570910 |
| 220000000 | ADMINISTRATIVE EXPENSES | RP-12 | 1581310 |
| 230000000 | OPERATIONS & MAINTANANCE | RP-13 | 1096926 |
| 250000000 | DECENTRALISED PLAN PROGRAMME- PRODUCTIVE SECTOR | RP-15 | 3994953 |
| 251000000 | DECENTRALISED PLAN PROGRAMME- SERVICE SECTOR | RP-16 | 13866522 |
| 252000000 | DECENTRALISED PLAN PROGRAMME – INFRASTRUCTURE SECTOR | RP-17 | 1006521 |
| 253000000 | DECENTRALISED PLAN PROGRAMME- PROJECTS NOT INCLUDED IN SECTOR DIVISION | RP-18 | 186748 |
| 254000000 | EXPENDITURE FOR TRANSFERRED INSTITUTIONS AND STATE SPONSORED SCHEMES | RP-19 | 675120 |

| | | | |
|---|---|---|---|
| | | | |
| 255000000 | MAINTANANCE PROJECTS | RP-20 | 1793453 |
| 260000000 | GRANTS,CONTRIBUTIONS AND COMPENSATIONS | RP-22 | 54500 |
| 280000000 | PRIOR PERIOD ITEM | RP-26 | -1579228 |
| 320000000 | GRANTS, FUNDS& CONTRIBUTIONS FOR SPECIFIC PURPOSES | RP-31 | 196883 |
| 350000000 | OTHER LIABILITIES | RP-36 | 7537639 |
| | | | |
| 240000000 | INTEREST AND FINANCE CHARGES | RP-14 | 47228 |
| 280000000 | PRIOR PERIOD ITEM | RP-26 | -25482 |
| 311000000 | EARMARKED FUNDS | RP-29 | 46000 |
| 330000000 | SECURED LOANS | RP-32 | 142500 |
| 340000000 | DEPOSITS RECEIVED | RP-34 | 79310 |
| 350000000 | OTHER LIABILITIES | RP-36 | 1746869 |
| 410000000 | FIXED ASSETS | RP-38 | 5199672 |

| | | | |
|---|---|---|---|
| 412000000 | CAPITAL WORK IN PROGRESS | RP-40 | 497523 |
| 460000000 | LOANS, ADVANCES AND DEPOSITS | RP-47 | 1635498 |
| CLOSING BALANCE | | | |
| | BANK<br>CASH | RP – 40(b)<br>RP – 40(b) | 17945147.61<br>25135 |
| GRNAT TOTAL | | | 61321657.61 |

.

DEPUTY DIRECTOR

# അനുബന്ധം 3

# INCOME & EXPENDITURE STATEMENT

MADAYI GRAMA PANCHAYATH

INCOME & EXPENDITURE STATEMENT

FOR THE PERIOD FROM 01 -APRIL- 2016 TO 31- MARCH -2017

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT(Rs) |
|---|---|---|---|
| INCOME | | | |
| 110000000 | TAX REVENUE | I-1 | 4835812 |
| 140000000 | FEES AND USER CHARGES | I-4(b) | 719499 |
| 150000000 | SALE AND HIRE CHARGES | I-5(b) | 394925 |
| 160000000 | REVENUE GRANTS, FUNDS, CONTRIBUTIONS AND COMPENSATIONS | I-6 | 87377227 |
| 171000000 | INTEREST EARNED | I-8 | 14259<br>യഥാർത്ഥ തുകയല്ല.<br>ഖ 1-3(7) കാണുക |
| 18000000 | OTHER INCOME | I-9 | 25660 |
| A | TOTAL INCOME | | 93367382 |
| EXPENDITURE | | | |
| 210000000 | ESTABLISHMENT EXPENSES | I-10(b) | 10690737 |
| 220000000 | ADMINISTRATIVE EXPENSES | I-11(b) | 1438114 |

| | | | |
|---|---|---|---|
| 230000000 | OPERATIONS AND MAINTANANCE | I-12(b) | 1249288 |
| 240000000 | INTEREST AND FINANCE CHARGES | I-13 | 47228 |
| 250000000 | DECENTRALISED PLAN PROGRAMME- PRODUCTIVE SECTOR | I-14 | 10275196 |
| 251000000 | DECENTRALISED PLAN PROGRAMME- SERVICE SECTOR | I-14(a) | 15024233 |
| 252000000 | DECENTRALISED PLAN PROGRAMME – INFRASTRUCTURE SECTOR | I-14(b) | 1233708 |
| 253000000 | DECENTRALISED PLAN PROGRAMME- PROJECTS NOT INCLUDED IN SECTOR DIVISION | I-14(c) | 186748 |
| 254000000 | EXPENDITURE OF TRANSFERRED INSTITUTIONS AND STATE SPONSORED SCHEMES (NOT INCLUDED UNDER DECENTRALISED PLAN PROGRAMME) | I-14(d) | 43831565 |
| 255000000 | MAINTANANCE PROJECTS | I-14(e) | 2590443 |

| | | | |
|---|---|---|---|
| 260000000 | GRANTS CONTRIBUTIONS AND COMPENSATIONS FROM OWN FUND | I-15 | 54500 |
| 272000000 | DEPRECIATION | I-17(a) | 2781884 |
| B | TOTAL EXPENDITURE | | 89403644 |
| C=A-B | GROSS SURPLUS / DEFICIT OF INCOME OVER EXPENDITURE | | 3963738 |
| D= 280000000 | PRIOR PERIOD ITEM | I-18 | (1776310) |
| E=C-D 290000000 | GROSS SURPLUS/DEFICIT OF INCOME OVER EXPENDITURE AFTER PRIOR PERIOD ITEMS TRANSFER TO RESERVE FUNDS | | 5740048 |
| | NET BALANCE BEING SURPLUS/ DEFICIT CARRIED OVER TO BALANCE SHEET (PANCHAYATH FUND) | | |

DEPUTY DIRECTOR

# അനുബന്ധം 4

# BALANCE SHEET

MADAYI GRAMA PANCHAYATH

BALANCE SHEET

AS ON 31.03.2017

| CODE NO | DESCRIPTION OF ITEMS | SCHEDULE NO | AMOUNT |
|---|---|---|---|
| LIABILITIES | | | |
| RESERVES AND SURPLUS | | | |
| 310000000 | PANCHAYATH FUND | B-1 | 16871095.67 |
| 311000000 | EARMARKED FUND | B-2 | 19881 |
| 312000000 | RESERVES | B-3 | 26813216 |
| | | | 43704192.67 |
| | | | |
| 320000000 | GRANTS AND CONTRIBUTIONS FOR SPECIFIC PURPOSE | B-4 | 4645666.84 |
| TOTAL GRANTS AND CONTRIBUTIONS FOR SPECIFIC PURPOSE | | | |
| LOANS | | | |

| | | | |
|---|---|---|---|
| 330000000 | SECURED LOANS | B-5 | 0 |
| TOTAL LOANS | | | 0 |
| CURRENT LIABILITIES AND PROVISIONS | | | |
| 340000000 | DEPOSITS RECEIVED | B-7 | 281275 |
| 35000000 | OTHER LIABILITIES | B-9 | 1660316.10 |
| TOTAL CURRENT LIABILITIES AND PROVISIONS | | | 1941591.10 |
| TOTAL LIABILITIES | | | 50291450.61 |
| ASSETS | | | |
| FIXED ASSETS | | | |
| 410000000 | FIXED ASSETS | B-11 | 36553246 |
| 411000000 | ACCUMULATED DEPRECIATION | B-11 | (6183270) |
| 412000000 | CAPITAL WORK IN PROGRESS | B-11(a) | 862320 |
| TOTAL FIXED ASSETS | | | 31232296 |
| INVESTMENTS | | | |

| | | | |
|---|---|---|---|
| 420000000 | INVESTMENTS | B-12 | 15000 |
| TOTAL INVESTMENTS | | | 15000 |
| CURRENT ASSETS , LOANS AND ADVANCES | | | |
| 431000000 | SUNDRY DEBTORS (RECEIVABLES) | B-15 | 482219 |
| 440000000 | PREPAID EXPENSES | B-16 | 0 |
| 450000000 | CASH AND BANK BALANCES | B-17 | 17970282.61 |
| 460000000 | LOANS, ADVANCES AND DEPOSITS | B-18 | 591653 |
| TOTAL CURRENT ASSETS, LOANS AND ADVANCES | | | 19044154.61 |
| TOTAL ASSETS | | | 50291450.61 |

.

DEPUTY DIRECTOR